FOR PRIVATE CIRCULATION ONLY

അക്ഷരം ആത്മരക്ഷയ്ക്ക്

# ദി സോൾ വിന്നർ

THE SOUL WINNER • • • FULLFILLING THE GREAT COMMISSION

VOLUME 12 • ISSUE 8 APRIL 2024

## സോൾ വിന്നേഴ്സ് ഇന്ത്യ 28-ാമത് വാർഷിക കൺവൻഷൻ സമാപിച്ചു




**മധ്യപ്രദേശ്/ഇൻഡോർ** സോൾ വിന്നേഴ്സ് ഇന്ത്യയുടെ ഇരുപത്തി എട്ടാമത് വാർഷിക കൺവൻഷനും, ബെഥേൽ ബൈബിൾ സെമിനാരി ഗ്രാജുവേഷനും സമാപിച്ചു. മാർച്ച് മാസം ഇരുപത്തിരണ്ട്, ഇരുപത്തിമൂന്ന്, ഇരുപത്തിനാല് (വെള്ളി, ശനി, ഞായർ) തീയ്യതികളിൽ സഭാ ആസ്ഥാനമായ ഇൻഡോറിലാണ് യോഗങ്ങൾ നടന്നത്. ഇരുപത്തിരണ്ട് വൈകിട്ട് 4 മണിക്ക് ചേർന്ന പ്രഥമ യോഗത്തിന് ചർച്ച് ഗ്രോത്ത് ഡിപ്പാർട്ട്മെന്റ് കോർഡിനേറ്റർ പാസ്റ്റർ തോമസ് എൻ മാത്യു അദ്ധ്യക്ഷത വഹിച്ചു. സഭാ പ്രസിഡന്റ് പാസ്റ്റർ ഡോ. സന്തോഷ് ഈശോ ഉത്ഘാടനം നിർവഹിച്ചു. ബ്രിണ്ടൻ യൂണിവേഴ്സിറ്റി ചാൻസലർ റവ. ഡോ. റെ പോഫാം വചന ശുശ്രൂഷ നിർവഹിച്ചു.

ഇരുപത്തി മൂന്ന് ശനിയാഴ്ച്ച രാവിലെ 9 മണിക്ക് ബെഥേൽ ബൈബിൾ സെമിനാരിയുടെ നേതൃത്വത്തിലുള്ള ബൈബിൾ കോളേജുകൾ, ട്രെയിനിംഗ് സെൻററുകൾ, കൊഹാട്ട് ക്ലാസുകളുടെ സംയുക്ത ഗ്രാജുവേഷൻ നടന്നു. പ്രിൻസിപ്പാൾ റവ ജോസ് വർഗീസ് അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. റെ പൊഫാം മുഖ്യ സന്ദേശം നൽകി. പാസ്റ്റർ ഡോ. സന്തോഷ് ഈശോ പ്രസിഡൻഷ്യൽ അഡ്രസ്സ് ചെയ്തു. എം ഡീവ്, ബി റ്റി എച്ച്, ഡിറ്റി എച്ച്, സി റ്റി എച്ച്, ബി ബി സി എന്നീ കോഴ്സുകൾ പൂർത്തീകരിച്ച നാല്പ്പത്തിയെട്ട് വിദ്ധാർത്ഥി, വിദ്യാർത്ഥിനികൾ ബിരുദം നേടി. മിസിസ്സ് അന്നമ്മ ഈശോ ഗ്രാജുവേറ്റ്സിനെ അനുഗ്രഹിച്ച് പ്രാർത്ഥിച്ചു. ബ്രദർ ജോൺസൺ ഏബ്രഹാം (അറുനൂറ്റിമംഗലം) ആശംസകൾ നേർന്നു. ഇരുപത്തിനാല് ഞായർ രാവിലെ 8 മണിക്ക് സഭാ പ്രസിഡന്റ് റവ ഡോ. സന്തോഷ് ഈശോയുടെ നേതൃത്വത്തിൽ വിവിധ ഡിപ്പാട്ടുമെന്റുകളുടെയും, സ്റേറ്റ് കോർഡിനേറ്റേഴ്സിന്റെയും നേതൃയോഗം ചേർന്നു. (ചർച്ച് ഗ്രോത്ത്) പാസ്റ്റർ തോമസ് എൻ മാത്യു, (സെമിനാരി) റവ ജോസ് വർഗീസ്, (യുവജനം) പാസ്റ്റർ ബിമൽ ചന്ദ് പ്രധാൻ, (സൺഡേ സ്കൂൾ) പാസ്റ്റർ സ്റ്റീഫൻ ശമുവേൽ, (ട്രയിനിംഗ് സെന്റർ) പാസ്റ്റർ ബൽജിത്ത് സിംഗ്, (സഹോദരിരി സമാജം) സിസ്റ്റർ പ്രെസ്സി സന്തോഷ്, പ്രയർ ബോർഡ്) പാസ്റ്റർ ഡമർ സിംഗ് എന്നിവരും സംസാരിച്ചു. രാവിലെ 10-ന് ചേർന്ന സഭായോഗം സീനിയർ പാസ്റ്റർ പാസ്റ്റർ എൻ ജെ ജേക്കബ് പ്രാർത്ഥിച്ച് ആരംഭിച്ചു. ശുശ്രൂഷൾക്ക് സീനിയർ പാസ്റ്റർ ഏബ്രഹാം ശമുവേൽ നേതൃത്വം നൽകി. പാസ്റ്റർ തോമസ് എൻ മാത്യു കത്തൃമേശ ശുശ്രൂഷ നിർവഹിച്ചു. ഡോ. റെ പൊഫാം വചന ശുശ്രുഷ നിർവഹിച്ചു. ഡോ. സന്തോഷ് ഈശോ പാസ്റ്റേഴ്സ് ഓർഡിനേഷൻ നടത്തി. പുതുതായി ചേർന്ന കർണ്ണാടക സ്റ്റേറ്റ് ഉൾപ്പടെ ഇരുപത്തിമൂന്ന് സ്റ്റേറ്റുകളുടെ കോർഡിനേറ്റേഴ്സും, നേപ്പാളിന്റെ പ്രതിനിദിയും പങ്കെടുത്തു. സഭാ ക്വയർ ഗാനങ്ങൾ ആലപിച്ചു. ഉച്ചയ്ക്ക് ഒരു മണിക്ക് യോഗങ്ങൾ അവസാനിച്ചു.

## ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി



**മുംബൈ:** ലോകമെമ്പാടും യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പ് ആഘോഷിച്ച അവസരത്തിൽ ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും. ഈസ്റ്റർ ദിനം നവീകരണത്തിന്റെയും ശുഭാപ്തിവിശ്വാസത്തിന്റെയും സന്ദേശം എല്ലായിടത്തും പ്രതിഫലിക്കുമെന്ന് പ്രതീക്ഷിക്കുകയാണെന്നും ഐക്യവും സമാധാനവും ഊട്ടിയുറപ്പിച്ചുകൊണ്ട് ഒരുമിച്ചുകൂടാൻ ഈ ദിനം നമുക്കെല്ലാവർക്കും പ്രചോദനമാകട്ടെയെന്നും നരേന്ദ്രമോദി 'എക്സി'ൽ കുറിച്ചു. എല്ലാവർക്കും സന്തോഷകരമായ ഈസ്റ്റർ ആശംസ നേരുകയാണെന്ന വാക്കുകളോടെയാണ് പ്രധാനമന്ത്രിയുടെ സന്ദേശം അവസാനിക്കുന്നത്.

## ത്യാഗമാണ് ഈസ്റ്ററിന്റെ സന്ദേശം: മുഖ്യമന്ത്രി പിണറായി വിജയൻ



**തിരുവനന്തപുരം:** കൂടുതൽ മെച്ചപ്പെട്ടൊരു ലോകം പണിതുയർത്താൻ എല്ലാം ത്യജിച്ച യേശുവിന്റെ സ്മരണയാണ് ഈസ്റ്ററിന്റെ കാതലെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. പ്രതിബന്ധങ്ങളെയും അടിച്ചമർത്തലുകളെയും അതിജീവിച്ച് സ്നേഹത്തിന്റെയും കരുണയുടെയും മൂല്യങ്ങൾ ശക്തിയോടെ ശോഭിക്കുമെന്ന പ്രത്യാശയുടെ സന്ദേശമാണ് ഈസ്റ്റർ മുന്നോട്ടുവെക്കുന്നതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

മതവിദ്വേഷവും വംശീയതയും പറഞ്ഞു മനുഷ്യരെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന പ്രതിലോമ ശക്തികളുടെ വെല്ലുവിളികളെ മറികടന്ന് ഒരു നല്ല നാളേയ്ക്കായി നാം ഒരുമിച്ചു മുന്നേറേണ്ടതുണ്ട്. ഈ മുന്നേറ്റത്തിന് ഈസ്റ്റർ ദിനാഘോഷങ്ങൾ കരുത്തുപകരും. ഒത്തൊരുമയോടെ ഈ ഈസ്റ്റർ കൊണ്ടാടാം. ഏവർക്കും ഈസ്റ്റർ ആശംസകൾ നേരുകയാണെന്നും പിണറായി വിജയൻ നവമാധ്യമങ്ങളിൽ കുറിച്ചു.

## സീലിന് ഓയിൽ കോർപ്പറേഷന്റെ സഹായം



**മുംബൈ:** പനവേൽ കേന്ദ്രമായി പ്രവർത്തിക്കുന്ന സീൽ ആശ്രമത്തിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ രണ്ട് ആംബുലൻസ് ഉൾപ്പടെയുള്ള സഹായം എത്തിച്ചു. അത്യാവശ്യ ഉപകരണങ്ങളായ നൂറ്റിയിരുപത് ആശുപത്രി കിടക്കകൾ, ഫർണീച്ചറുകൾ, വാട്ടർ ഫിൽറ്റർ എന്നിവയാണ് ആംബുലൻസിനൊപ്പം ആശ്രമത്തിന് കൈമാറിയത്. ആംബുലൻസിന്റെ ഉത്ഘാടനം ഹിന്ദി ഹാസ്യനടൻ ജോണി ലിവറും, ഡോ. എബ്രഹാം മത്തായിയും ചേർന്ന് നിർവ്വഹിച്ചു. 1999 ൽ സ്ഥാപിതമായ സോഷ്യൽ ആൻഡ് ഇവാഞ്ചലിക്കൽ അസോസിയേഷ (സീൽ) ന്റെ പ്രവർത്തനങ്ങളിലൂടെ നൂറുകണക്കിന് നിർദ്ധനരായവരെ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്. വീട് വിട്ട് അലഞ്ഞു നടന്ന അനേകരെ വീടുകളിൽ തിരിച്ചെത്തിച്ചിട്ടുണ്ട്. മുറുവുകളാൽ പഴുത്തും പുഴുവരിച്ചും വാഴിയോരങ്ങളിൽ കിടന്ന നൂറുകണക്കിന് ആൾക്കാർക്ക് ആശ്വാസമായി മാറിയ ആശ്രമ സ്ഥാപകൻ പാസ്റ്റർ കെ എം ഫിലിപ്പിനെയും കുടുംബത്തെയും സഹപ്രവർത്തകരെയും ഓയിൽ കോർപറേഷൻ അഭിനന്ദിച്ചു. ആരുമില്ലാത്തവർക്ക് ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസം എന്നിവ നൽകി വരുന്നു.

അന്തേവാസികളായ അനാഥപെൺ കുഞ്ഞുങ്ങളുടെ വിവാഹം നടത്തിക്കൊടുത്തും സീൽ ആശ്രമം മാതൃക കാട്ടുന്നു. അന്തേവാസികളുടെ ബന്ധുക്കളെ കണ്ടെത്തി ജന്മനാട്ടിൽ എത്തിക്കുന്ന സീൽ ആശ്രമത്തിന്റെ പ്രവർത്തനം ശ്ലാഘനീയമാണെന്നും ഐ ഓ സി ചൂണ്ടി കാട്ടി. രക്ഷാപ്രവർത്തനങ്ങൾക്കായി സഹായം ചെയ്ത ഐഓസി യോടും ഉദ്യോഗസ്ഥരോടും സീൽ ആശ്രമ സ്ഥാപകൻ പാസ്റ്റർ കെ എം ഫിലിപ്പ് നന്ദി അറിയിച്ചു.

## വേദശാസ്ത്രജ്ഞരുടെ പട്ടികയിൽ ഡോ. ജെസ്സി ജയ്സൻ




**ബാംഗ്ലൂർ:** ലോകവനിതാദിന ആഘോഷത്തിന്റെ ഭാഗമായി ലോകപ്രശസ്ത വേദശാസ്ത്ര പുസ്തക പ്രസാധകരായ ലാൻഹാം പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച തിരഞ്ഞെടുക്കപ്പെട്ട വനിതാവേദശാസ്ത്ര എഴുത്തുകാരുടെ പട്ടികയിൽ ഇടംപിടിച്ചു ഡോ. ജെസ്സി ജയ്സൻ.

വായനയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി വനിതാ ചരിത്ര മാസത്തിൽ വായിക്കേണ്ട എഴുത്തുകാർ എന്ന പേരിൽ പ്രസിദ്ധീകരിച്ച എഴുത്തുകാരുടെ പട്ടികയിലാണ് മലയാളിയും വേദാധ്യാപികയും എഴുത്തുകാരിയുമായ ഡോ. ജെസ്സി ജയ്സനും ഇടം പിടിച്ചത്.

ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള എട്ട് പേരാണ് ലാൻഹാം പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച പട്ടികയിൽ തിരഞ്ഞെടുക്കപ്പെട്ടത്. ബൈബിൾ വ്യാഖ്യാനം, ബൈബിൾ പഠനങ്ങൾ, ദൈവശാസ്ത്രം, ഹോമിലിറ്റിക്സ് തുടങ്ങിയ മേഖലകളിലെ വിഷയങ്ങളെ കുറിച്ച് ഇവർ എഴുതിയ പുസ്തകങ്ങളാണ് പട്ടികയിൽ ഇടം പിടിച്ചത്.

ബാംഗ്ലൂരിലെ പ്രശസ്ത ബൈബിൾ സെമിനാരിയായ എസ്എഐഎസിഎസ് ലെ അധ്യാപിക ഡോ. ഹവിലാ ധരംരാജും പട്ടികയിൽ ഇടംപിടിച്ച മറ്റൊരു ഇന്ത്യൻ എഴുത്തുകാരിയാണ്.



# NO BOUNDARIES

**When God sends people to minister the Gospel, He doesn't rip and tear from the body; He extends the body. The process He uses will ultimately minister to everybody connected to the person He's sending. Walk with maturity in God.**

There is a particular role God has designated for each one of us. Satan is battling hard against God's plan, and we must come against his efforts. We have authority, not because of who we are as human beings, but who we are as children of the Most High God. We have Jesus in us, Who is greater than Satan. Through the power of the Gospel, we can present nations at the feet of Jesus.

God puts boundaries around nations, but not around ministry through people. Every believer is called to the nations of the world. We put boundaries on our own ministry that God never intended. Ministry flows from the heart of God into the desserts of the world- not because of who we are, but because of Who He is.

Satan will try to stop the flow of God through sin. He'll tempt you to sin and lie to you, trying to deceive or confuse you. Even a negative word from someone you love, maybe an authority figure in your life when you were a child, can box in your thinking: "You'll never be any good. You'll never doing anything worthwhile." That wasn't from God. Don't let it hold you back. Renounce it and move on; there are no boundaries around you. Let Him flow through you without boundaries.

You have gifts that cannot be withdrawn (Rom. 11:29), and God weaved you in your mother's womb (Psalms 139:13). The first step to releasing your ministry is to find Jesus as Lord and Savior, have your sins forgiven and begin the release process. But then you need the Holy Spirit. When the Holy Spirit begins to flow through you, ministries that God has put in you start to come alive. You are a gift from God to the world. You are unique; there is no one else like you in the world. So don't try to be like somebody else, except Jesus. He is only One you can model after without any problems.

Some ministries are general; like the ministry of prayer. There are different kinds of prayer. One of the highest form is intercession; this kind of prayer is not for selfish purposes. There is also another ministry we all have; communication. It may be a smile, a gesture, verbal skills, music or drama. God is going to use your gifts to flow to the nations of the earth- unless you box them in. Some of you have a ministry of music that you need to get onto CD and get it to the nations. Don't limit God. If you have a ministry of writing, write and get it out there. You've got to launch it. You'll never know where He is going to take it until you obey Him.

A WORD FROM THE PRESIDENT



BRO. DANIEL EASO

We always have three excuses for God. One is, "I am too young." The second, "I am too busy." The third, "I'm too old." But you have to say, "Lord, I am available at any time, at any place, in any way." Then begin to do what God tells you to do.

I still remember when my dad, K.G. Easo started Soul Winners India, he faced so many problems. But he kept moving forward as God directed him. God is the One who multiplies. Whatever has been happened with Soul Winners India has been because of God has done it. We have simply obeyed Him and walked by faith. SWI has been to every state of India today with the Gospel of Jesus Christ. We haven't been to every people group yet, but we have gone to every geographical area of India.

Begin to walk by faith, lifting the boundaries that you put on yourself, and say, "Lord, I'm going to do whatever you ask me to do." You can go anywhere God tells you to go. There is no place on earth that you can't go in the will of God, anointed of the Holy Spirit. Now you may not come back; but God didn't say to come back. He said, "Go".

When God sends people to minister the Gospel, He doesn't rip and tear from the body; He extends the body. The process He uses will ultimately minister to everybody connected to the person He's sending. Walk with maturity in God. Start being obedient in the little things. Everybody wants to start preaching in a stadium; but how about starting on a street corner? As you begin to obey Him, those little things become the big things. Allow God to flow through you, and you will see His glory in a way you never thought possible.

# ദൈവരൂപത്തിലെ മനുഷ്യനും മനുഷ്യരൂപത്തിലെ ദൈവവും

എല്ലാറ്റിന്റെയും സൃഷ്ടിതാവ് ദൈവം മാത്രമാണ് എന്ന് വിശുദ്ധ തിരുവെഴുത്തുകൾ പഠിപ്പിക്കുന്നു. ആറ് ദിവസങ്ങൾ കൊണ്ടാണ് ദൈവം സൃഷ്ടിപ്പ് പുർത്തികരിച്ചത്. എല്ലാറ്റേയും വായുടെ വചനത്താൽ ഉളവാക്കി എന്നാൽ മനഷ്യനെ കൈ കൊണ്ട് ഉണ്ടാക്കി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുമ്പ് സൃഷ്ടിച്ച മറ്റ് എല്ലാം മനഷ്യന് വേണ്ടിയായിരുന്നു എന്ന വസ്തുത, ദൈവത്തിന് എത്രത്തോളം പ്രിയപ്പെട്ടതായിരുന്നു മനുഷ്യൻ എന്നത് വ്യക്തമാണ്.

സൃഷ്ടിയുടെ അവസാനത്തിൽ ദൈവം പറഞ്ഞു, 'നാം നമ്മുടെ സാദൃശ്യത്തിലും നമ്മുടെ സ്വരൂപത്തിലും മനുഷ്യനെ സൃഷ്ടിക്ക' (ഉൽപത്തി. 1:26) എന്ന്. അങ്ങനെ ദൈവം തന്റെ സൃഷ്ടിയുടെ വേല തന്റെ വ്യക്തിമുദ്ര പതിപ്പിച്ച് അവസാനിപ്പിച്ചു എന്നു കാണാവുന്നതാണ്. മണ്ണിൽ നിന്ന് മനുഷ്യനെ ഉണ്ടാക്കി അവന്റെ വായിൽ ജീവശ്വാസം ഊതി ദൈവം മനുഷ്യനെ ജീവനുള്ള ദേഹിയാക്കിത്തീർത്തു (ഉൽപത്തി. 2:7). അതുകൊണ്ട് ദൈവസൃഷ്ടിയിൽ മനുഷ്യൻ മറ്റുള്ള എല്ലാ ജീവികളിൽ നിന്നും വിഭിന്നനായിത്തീർന്നു. അങ്ങനെ ശരീരവും അതിനോട് ദേഹിയും ആത്മാവുമടങ്ങിയ, എന്നു പറഞ്ഞാൽ ഭൗതീക ശരീരവും ആത്മാവും ചേർന്ന ഒരു അതുല്യ സൃഷ്ടി ആണ് മനുഷ്യൻ. ദൈവസാദൃശ്യം എന്നു പറഞ്ഞാൽ ദൈവത്തിന്റെ ഗുണങ്ങൾ മനുഷ്യന് ഉണ്ടെന്നർത്ഥം. ദൈവം ആത്മാവാണ് എന്ന് നാം വായിക്കുന്നു (യോഹന്നാൻ 4:24). ദൈവത്തിനു ഒരു ഭൌതീക ശരീരം ഇല്ലെന്നത് വാസ്തവം തന്നെ. എന്നാൽ ആദാമിന് ഒരു ഭൌതീക ശരീരം ഉണ്ടായിരുന്നു എന്ന് നമുക്കറിയാം. ദൈവം ആദാമിനെ സൃഷ്ടിച്ചപ്പോൾ ആദാം മഹത്വം അണിഞ്ഞവനും മരണം ഇല്ലാത്തവനും ആയിരുന്നു.

ആദാമിനു വെറും ഒരു ഭൗതീകശരീരം മാത്രം ഉള്ളവനായിട്ടല്ല ദൈവം അവനെ സൃഷ്ടിച്ചത്. മറ്റു ജീവികൾക്ക് ഒന്നും ഇല്ലാത്ത, ആതുല്ല്യമായ ഘടകങ്ങൾ മനുഷ്യന് ദൈവം കൊടുത്തു. ഈ ഭൂമിയെ വാഴുവാൻ അധികാരമുള്ളവനായി അഥവാ ദൈവത്തിന്റെ പ്രതിനിധി ആയിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത് (ഉൽപത്തി. 1:28). അതു മാത്രമല്ല മനുഷ്യന് ദൈവത്തോടു കൂട്ടായ്മ ആചരിക്കുവാനുള്ള കഴിവും ഉള്ളവൻ ആയിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ദൈവത്തിന്റെ വ്യക്തിത്വം, സാൻമാർഗ്ഗികത, ആത്മീയത എന്നിവയാണ് ദൈവസാദൃശ്യത്തിന്റെ പ്രധാന ഘടകങ്ങൾ.

ചരിത്രത്തിലുടനീളം മനുഷ്യൻ ചോദിക്കുന്ന ചോദ്യമാണ് – ദൈവം എന്തിനു വേണ്ടിയാണ് മനുഷ്യനെ സൃഷ്ടിച്ചത്? ശാസ്ത്രവും മതങ്ങളും ഇരുട്ടിൽ തപ്പുമ്പോൾ, ബൈബിൾ മാത്രമേ ഇതിനു വ്യക്തമായ ഉത്തരം നൽകുന്നുള്ളൂ. ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ സഭ ഇതിന് മനോഹരമായ വിശദീകരണം നൽകുന്നു

അനന്തഗുണസമ്പന്നനും തന്നിൽ തന്നെ സൗഭാഗ്യവാനുമായ ദൈവം കേവലം നന്മ മാത്രം ലക്ഷ്യമാക്കി സ്വതന്ത്രമനസ്സോടെ തന്റെ സൗഭാഗ്യത്തിൽ ഭാഗഭാക്കാകുവാൻ വേണ്ടി മനുഷ്യനെ സൃഷ്ട്ടിച്ചു. ഇക്കാരണത്താൽ എല്ലാ സ്ഥലങ്ങളിലും കാലങ്ങളിലും ദൈവം മനുഷ്യനു സമീപസ്ഥനായി വർത്തിക്കുന്നു. സർവ്വശക്തിയുപയോഗിച്ച് ദൈവത്തെ അന്വേഷിക്കുവാനും അറിയുവാനും സ്നേഹിക്കുവാനും ദൈവം മനുഷ്യനെ ക്ഷണിക്കുന്നു. പാപം മൂലം ചിന്നിച്ചിതറിപ്പോയ മനുഷ്യരെല്ലാവരെയും സഭയാകുന്ന തന്റെ കുടുംബത്തിൻറെ ഐക്യത്തിലേക്ക് ദൈവം വിളിച്ചുകൂട്ടുന്നു.

മനുഷ്യന്റെ ദൈവസാദൃശ്യം മാനസീകമായും, ആത്മീകമായും, സാമൂഹികമായും വെളിപ്പെട്ടിരിക്കുന്നു. മാനസീകമായി, മനുഷ്യൻ ചിന്തിക്കുവാനും തീരുമാനിക്കുവാനും കഴിവുള്ളവൻ ആണ്. മനുഷ്യൻ ചിന്തിച്ച് സ്വയമായി തീരുമാനം എടുക്കേണ്ടവനാണ്. ദൈവത്തിന്റെ ബുദ്ധിശക്തിയേയും ഇഛാശക്തിയേയും ഇത് പ്രതിഫലിക്കുന്നു. ആരെങ്കിലും എപ്പോഴെങ്കിലും ഒരു പുതിയ യന്ത്രം കണ്ടുപിടിക്കയോ, ഒരു പുസ്തകം എഴുതുകയോ, ഒരു ചിത്രം വരയ്ക്കുകയോ, ഒരു പുതിയ സംഗീതം സജ്ജമാക്കുകയോ, ഒരു പുതിയ കണക്ക് കണ്ടുപിടിക്കയോ ചെയ്യുന്നത് മനുഷ്യൻ ദൈവ സാദൃശ്യത്തിൽ ആയിരിക്കുന്നതു കൊണ്ടാണ്.



**പീരുമേട് ക്ലീറ്റസ്**

ധാർമ്മികമായി, ദൈവത്തെപ്പോലെ പൂർണ്ണ നീതിയിലും കുറ്റമില്ലായ്മയിലും ദൈവത്തിന്റെ വിശുദ്ധിയെ പ്രതിനിധീകരിക്കുന്നവൻ ആയിട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. മനുഷ്യനെ സൃഷ്ടിച്ച ശേഷം 'എത്രയും നല്ലത്' എന്ന് ദൈവം കണ്ടു എന്ന് നാം വായിക്കുന്നു (ഉൽപത്തി.1:31). നമ്മുടെ മനസ്സാക്ഷി നാം ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാണെന്ന് നമ്മെ വിളിച്ചറിയിക്കുന്നു. ആരെങ്കിലും ഒരു നിയമാവലി തയ്യാറാക്കുകയോ, അനീതിക്കെതിരായി പോരാടുകയോ, നന്മയെ പുകഴ്ത്തുകയോ, കുറ്റബോധം ഉള്ളവനായിത്തീരുകയോ ചെയ്യുന്നത് മനുഷ്യൻ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതിനാലാണ്.എന്നാൽ നിർഭാഗ്യവശാൽ മനുഷ്യൻ തന്റെ പദവികളും മഹത്വവുമെല്ലാം നഷ്ടപ്പെടുത്തി. ഈ പശ്ചാത്തലത്തിലാണ് ദൈവം മനുഷ്യരൂപത്തിൽ ഭൂമിയിലേക്ക് വന്നത്.

ദൈവം മനുഷ്യനെ തന്റെ രൂപ സാദൃശ്യത്തിൽ സൃഷ്ടിച്ച കാര്യം വിശദീകരിക്കുന്നത് പഴയ നിയമത്തിലാണ്. എന്നാൽ ആ ദൈവം തന്റെ സൃഷ്ടിയായ മനുഷ്യവേഷത്തിൽ വന്നു എന്ന കാര്യം രേഖപ്പെടുത്തിയിരിക്കുന്നത് പുതിയ നിയമത്തിലാണ്. ആത്യന്തികമായ് അതും വൈത്തിന്റെ രൂപം തന്നെ ആണങ്കിലും 'വേഷത്തിൽ മനഷ്യനായി' എന്ന പ്രയോഗം വളരെ പ്രസക്തി ഉള്ളതാണ്.

അവർ ഫലം പറിച്ച് തിന്നത് വിശപ്പ് കാരണമായിരുന്നില്ല. വിശപ്പടക്കാൻ ധാരാളം മറ്റ് ഭക്ഷ്യവസ്തുക്കൾ ഉള്ളപ്പോൾ തന്നെയാണ് വിലക്കപ്പെട്ട ഫലം ഭക്ഷിച്ചത്. നാൽപ്പത് ദിവസത്തെ ഉപവാസത്തിന് ശേഷം സാത്താൻ, പരീക്ഷകൻ യേശുവിന്റെയും അടുക്കൽ വന്നു. കല്ല് അപ്പമാക്കി ഭക്ഷിക്കാൻ സാത്താൻ അവനെ പ്രലോഭിപ്പിച്ചു. ഏദൻ തോട്ടത്തിലെ അതേ പ്രലോഭനം തന്നെ സാത്താൻ ഇവിടെയും അവതരിപ്പിച്ചു. യേശു ആ പരീക്ഷണത്തെ വചനത്താൽ അതി ജീവിച്ചു. അങ്ങനെ ഒരു അതിജീവനം മനുഷ്യരായ എല്ലാവർക്കും സാദ്യമാണന്ന് യേശു പ്രായോഗീകമായ് തന്നെ മാനവരാശിയെ പഠിപ്പിക്കുകയായിരുന്നു. യേശു നേരിട്ട ഈ ഒന്നാം പരീക്ഷ മുതൽ സ്വർഗ്ഗാരോഹണം ചെയ്യുന്നതു വരെ യേശു എല്ലാവിധ പരീക്ഷകളെ നേരിടുകയും അതിനെയെല്ലാം വിജയ പ്രഥമായി തന്നെ അതിജീവിക്കുകയും ചെയ്തു. അതുകൊണ്ട് പാപരഹിതമായ് ജീവിക്കാൻ കഴിയില്ല എന്ന മൗഢ്യം നമുക്ക് വെടിയാം. വിശുദ്ധ ജീവിതം നയിക്കേണ്ടത് അശുദ്ധിയുടെ നടുവിലാണ്. അതിനെ ഏറ്റവും നല്ല മാതൃക ക്രിസ്തു തന്നെയാണ്. മനുഷ്യരിലും വിശുദ്ധ ജീവിതം നയിച്ച ധാരാളം പേർ ഉണ്ട്. നമുക്ക് ചുറ്റും ഉണ്ട്. ധനവാന്റെ എച്ചിൽ തിന്ന് മരിച്ച ലാസർ അബ്രഹാം പിതാവിന്റെ മടിയിൽ എത്തപ്പെട്ടത്, വിജയകരമായ ആത്മീയ ജീവിതം നയിച്ചതിനാലാണ്. ദരിദ്രനായതുകൊണ്ടല്ല ലാസർ അബ്രഹാമിന്റെ മടിയിൽ എത്തിയത്. ധനവാൻ യാതന സ്ഥലത്ത് പോയതു ധനികനായതുകൊണ്ടുമല്ല. അവർ ഭൂമിയിൽ ആയിരുന്നപ്പോൾ എങ്ങനെ ജീവിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ്. യേശു മനുഷ്യവേഷത്തിൽ ഭൂമിയിലേക്ക് വന്നത് വിജയകരമായ ഒരു മനുഷ്യ ജീവിതം ഈ ഭൂമിയിൽ തന്നെ സാധിക്കും എന്ന് തെളിയിക്കാനും കൂടിയാണ്. അതുകൊണ്ട് പ്രിയ വായനക്കാരെ നമ്മുടെ സങ്കടങ്ങൾ, ബുദ്ധിമുട്ടുകൾ, രോഗം, മനോഭാരം, കടഭാരം, വിവാഹം, ഉദരഫലം, വിദ്യാഭ്യാസം, വീട്, വാഹനം എന്നീ സമസ്ഥ വിഷയങ്ങളും തിരിച്ചറിയാൻ മനുഷ്യവേഷത്തിൽ ഭൂമിയിലേക്ക് വന്ന ദൈവത്തിന് അറിയാം.

# ദൈവത്തിന്റെ കലവറ

എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതു എന്തു? ദൈവത്തിൽ പ്രത്യാശവെക്കുക; അവൻ എന്റെ മുഖപ്രകാശകരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും (സങ്കീ. 42:11). ഉള്ളിൽ സങ്കട കടലുമായി യാത്ര ചെയ്യുന്ന അനേകർ ഉണ്ട്. പലരും ആരോടും ഒന്നും പറയാതെ ഉള്ളിലൊതുക്കി ജീവിക്കുന്നവർ. പ്രതീക്ഷകളും പ്രത്യാശയും അവസാനിക്കുന്നിടത്തു എന്തെങ്കിലും ഒരു കച്ചിത്തുരുമ്പു കിട്ടിയാൽ നന്നെന്നു കരുതി കാത്തിരിക്കുന്നവർ. എന്നാൽ പലതും വീണ്ടും നിരാശയുടെ പടുകുഴിയിലേക്ക് താണു പോകുമ്പോൾ ആശ്രയം ആകേണ്ടവർ എന്ന് കരുതുന്ന പലരും കാണാതെ പോകുമ്പോൾ മനസ്സിൽ നീറ്റൽ പൊടിക്കും. എന്നാൽ വചനം പറയുന്നു നീ എന്തിന് വിഷാദിക്കുന്നു? ദൈവത്തിൽ പ്രത്യാശ വയ്ക്കുക. ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ, മനസ്സ്

**നമ്മുടെ മേൽ ശത്രുവിന്റെ നിഴൽ വീഴുമ്പോൾ നമ്മെ പരിപാലിക്കുന്ന ദൈവം നമുക്കായി എഴുന്നേൽക്കും. വചനം പറയുന്നു; ദൈവം എഴുന്നേൽക്കുന്നു, അവന്റെ ശത്രുക്കൾ ചിതറിപ്പോകുന്നു.**



**ജെ പി കായംകുളം**

തകർന്നവരെ ദൈവം രക്ഷിക്കുന്നു എന്ന് വചനം രേഖപ്പെടുത്തുന്നു. ലാസറിന്റെ കല്ലറയുടെ വാതിൽക്കലുള്ള മറിയയുടെ കരച്ചിൽ യേശുവിന്റെ മിഴികളെ നീർമിഴികളാക്കി. തകർന്നവളുടെ കരച്ചിൽ ലാസറിനെ ജീവൻ വയ്പ്പിക്കാൻ പോന്നതായിരുന്നു. ഇന്ന് നമ്മുടെ കണ്ണുനീരും നിരാശയും മാറ്റി ദൈവം നമുക്കായി ശ്രേഷ്ഠമായതു ചെയ്തുതരും. ദൈവത്തിന്റെ

യെശ 31:5 പക്ഷി ചുറ്റിപ്പറന്നു കാക്കുന്നതുപോലെ സൈന്യങ്ങളുടെ യഹോവ യെരൂശലേമിനെ കാത്തുകൊള്ളും. അവൻ അതിനെ കാത്തുരക്ഷിക്കും; നശിപ്പിക്കാതെ അതിനെ പരിപാലിക്കും. ദൈവത്തിന്റെ പരിപാലനം അതിശ്രേഷ്ഠമാണ്. ദൈവത്തിന്റെ പരിപാലനം ഉയരത്തിൽ നിന്നുമാണ് സംഭവിക്കുന്നത്. ഉയരെ പറക്കുന്ന പരുന്ത് പോലുള്ള ഒരു പക്ഷി തന്റെ ഇരയെ കണ്ടെത്തുന്നത് വളരെ ഉയരത്തിൽ നിന്ന് തന്നെയാണ്. ഇരയെ കണ്ടെത്തിയാൽ നിമിഷ നേരത്തിനുള്ളിൽ ചാട്ടുളി പോലെ താഴേക്ക് കുതിച്ച് അതിനെ തന്റെ കൂർത്ത നഖങ്ങൾക്കുള്ളിൽ ഒതുക്കി സുരക്ഷിതമായ സ്ഥാനത്തേക്ക് പറന്നുയരും. എന്നാൽ ഭൂമിയിൽ കൊത്തിപ്പെറുക്കുന്ന കോഴിക്കുഞ്ഞുങ്ങളുടേമേൽ ഉയരെ പറക്കുന്ന പക്ഷിയുടെ നിഴൽ വീഴും എന്ന് തോന്നുമ്പോൾ ചിറകുകൾ വിടർത്തി തന്റെ കുഞ്ഞുങ്ങളെ മാർവോട് ചേർത്ത് സുരക്ഷിതമാക്കുന്ന തള്ളക്കോഴിയെപ്പോലെ നമ്മെ റാഞ്ചാൻ തക്കം പാർക്കുന്ന ശത്രുവിന്റെ കരത്തിൽ നിന്നും വിടുവിച്ച് തന്റെ മാർവോട് ചേർക്കുന്ന ഒരു താതൻ നമുക്കുണ്ട്. ഇന്ന് നമ്മുടെ മേൽ ശത്രുവിന്റെ നിഴൽ വീഴുമ്പോൾ നമ്മെ പരിപാലിക്കുന്ന ദൈവം നമുക്കായി എഴുന്നേൽക്കും. വചനം പറയുന്നു ദൈവം എഴുന്നേൽക്കുന്നു, അവന്റെ ശത്രുക്കൾ ചിതറിപ്പോകുന്നു. നമുക്കുവേണ്ടി എഴുന്നേൽക്കുന്ന ദൈവത്തിന്റെ സുരക്ഷിതത്തിൻ കീഴിൽ നമുക്ക് ആയിരിപ്പാൻ ദൈവം കൃപ നൽകട്ടെ.

ആമേൻ.

# ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ല

**ചെയ്യുന്ന ജോലിയിൽ വിഴ്ച സംഭവിച്ച് പ്രതിയാക്കപ്പെടുമ്പോൾ പരാജയം സംഭവിക്കുമ്പോൾ അതിന് പരിഹാരമുണ്ട്. വെളിച്ചം നഷ്ടപ്പെട്ട് ചുറ്റും കൂരിരുട്ട് മുമ്പിൽ ഒന്നും കാണുവാൻ കഴിയാത്ത അവസ്ഥ ആ ഒരു സാഹചര്യത്തിൽ 'നിനക്ക് ഒരു ദോഷവും ചെയ്യരുത്' എന്ന് പൗലോസ് ഉറക്കെ വിളിച്ചു പറഞ്ഞു ഇതുപോലെ നമുക്കും ഈ സമൂഹത്തോട് വിളിച്ചു പറയാം. നിനക്ക് ഒരു ദോഷവും ചെയ്യരുത്.**



**സീബ മാത്യു, കണ്ണൂർ**

അനുദിനം ആത്മഹത്യകൾ വർദ്ധിക്കുന്ന ഈ കാലത്ത് പല ആത്മഹത്യകളും ആത്മഹത്യാശ്രമങ്ങളും വാർത്തപ്രാധാന്യത്തോടെ ചർച്ചകൾ ആകുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ സാക്ഷരരായ മലയാളി സമൂഹം ആത്മഹത്യയുടെ കാര്യത്തിലും ഭാരതത്തിൽ മുന്നിലാണെന്നത് ഒരു ദുഃഖസത്യമാണ്.

ഒരു വ്യക്തി സുബോധത്തോടൊയോ അല്ലാതായോ സ്വയം ജീവിതം അവസാനിപ്പിക്കുന്ന പ്രവർത്തിയാണ് ആത്മഹത്യ. അപമാനഭാരം, ആരോഗ്യപ്രശ്നങ്ങൾ, അപ്രതീക്ഷിത പരാജയങ്ങൾ, കുടുംബപ്രശ്ങ്ങൾ, കടഭാരം, ഏകാന്തത, ജോലി നഷ്ടം, ലക്ഷ്യബോധമില്ലയിമ, ലഹരിവസ്തുക്കളുടെ അമിത ഉപയോഗം, മാറാരോഗങ്ങൾ, മരണാനന്തര ജീവിതത്തെ കുറിച്ചുള്ള അറിവില്ലായിമ... ഇങ്ങനെ നീളുന്നു ആത്മഹത്യ ചെയ്യുന്നവരുടെ അടിസ്ഥാന പ്രശ്നങ്ങൾ.

ജീവിതത്തിന്റെ ഒരു ദുർബലനിമിഷത്തിൽ രണ്ടാമത് ഒന്ന് ആലോചിക്കാതെ പെട്ടന്ന് എടുക്കുന്ന തീരുമാനത്തിന്റെ പരിണിത ഫലമാണ് പലപ്പോഴും ആത്മഹത്യ. എന്നാലും പലരും കാലെകൂട്ടി തീരുമാനിച്ചുറച്ചു ജീവിതമവസാനിപ്പിച്ചതിന്റെ തെളിവാണ് ആത്മഹത്യാകുറിപ്പുകൾ. സിനിമ സീരിയൽ എന്നിവയിൽ കാണുന്ന ആത്മഹത്യ ദൃശ്യങ്ങളുടെ അനുകരണം പലപ്പോഴും പലരുടെയും ജീവൻ അപഹരിച്ചിട്ടുണ്ട്.

ആത്മഹത്യയ്ക്ക് ലിംഗ, പ്രായ വ്യത്യാസമില്ലാതെ വിദ്യാസമ്പന്നനും വിദ്യാവിഹിനനും കർഷകരും വ്യവസായിയും ധനവാനും ദരിദ്രനും തുടങ്ങി സമൂഹത്തിന്റെ എല്ലാ തുറയിലും ഉള്ളവർ ആത്മഹത്യ ഒരു ഫാഷൻ ആക്കിമാറ്റിയിരിക്കുന്നു. തങ്ങളുടെ പ്രിയപ്പെട്ടവരോടുള്ള സ്നേഹം, തങ്ങളെ ജീവനുതുല്യം സ്നേഹിക്കുന്ന ഉറ്റവരെ തീരാ ദുഃഖത്തിലാഴ്ത്തൻ കഴിയാത്തതു കൊണ്ടും തങ്ങളുടെ പ്രിയപ്പെട്ടവരോടുള്ള സ്നേഹമാണ് ആത്മഹത്യയിൽ നിന്നും പലരെയും പിന്തിരിപ്പിക്കുന്നത്.

നമ്മൾ നേരിടുന്ന പ്രശ്നങ്ങളും ദുഃഖങ്ങളും മാതാപിതാക്കൾ, സഹോദരങ്ങൾ, ജീവിതപങ്കാളി, സ്നേഹിതർ ഇങ്ങനെ ആരോടെങ്കിലും പങ്കുവെക്കുവാൻ നമുക്ക് കഴിയണം. പങ്കുവെക്കുന്നതും പരിഹാരങ്ങൾ ആരായുന്നതും നമ്മുടെ ഹൃദയഭാരങ്ങൾക്ക് വളരെ ആശ്വാസം ലഭിക്കും. മനുഷ്യൻ സാമൂഹ്യജീവിയാണ് അപ്പോൾ തന്നെ ആശ്രയ ജീവിയാണ്. എല്ലാറ്റിനും സ്വയം പര്യാപ്തർ ആരുമില്ല.

ഏറ്റവും വലിയ ഭയമാണ് മരണഭയം. പലരെയും ആത്മഹത്യയിൽ നിന്ന് പിന്തിരിപ്പിക്കുന്നത് മരിക്കുവാനുള്ള ഭയമാണ്. മരണം അവസാനമല്ല. മരണംകൊണ്ട് എല്ലാം തീരുന്നതുമില്ല. ഈ ശാരീരിക മരണം മറ്റൊരു ജീവിതത്തിൻെറ ആരംഭം അയതുകൊണ്ട് മനുഷ്യജീവിതം വിലയേറിയതാണ്. ആത്മഹത്യ ചെയ്താൽ നരകത്തിൽ പോകുമെന്നുള്ള ഭയം പലരെയും ഇതിൽനിന്നും പിന്തിരിപ്പിക്കുന്നു.

ഈ ലോകത്തിൽ 80 അതിൽ അധികം വർഷങ്ങളിൽ ജീവിതയാത്ര അവസാനിക്കുന്നു. ജനനവും ജീവിതവും യാഥാർഥ്യമായിരിക്കുന്നതുപോലെ മരണവും മരണാനന്തര ജീവിതവും യാഥാർത്ഥ്യമാണ്. മരണത്തോടുകൂടി എല്ലാം തീരുകയാണെങ്കിൽ അതിൽ ആശ്വസിക്കാമായിരുന്നു. എന്നാൽ മരണശേഷം നിത്യമായ ഒരു ആത്മജീവിതമാണ് മനുഷ്യന് അവശേഷിക്കുന്നത്. മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ? ബൈബിൾ പറയുന്നു, മരിച്ചവർ ജീവിക്കും എന്ന്. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു അതുകൊണ്ട് ഈ ലോകജീവിതം ഒന്നേയുള്ളൂ, അത് നൽകിയവന് ഹിതമായി ജീവിക്കാം.

എല്ലാകാലത്തും മനുഷ്യനെ മുന്നോട്ട് നയിക്കുന്നത് ദൈവത്തിലുള്ള വിശ്വാസമാണ്. ദൈവവിശ്വാസം ഇല്ലെങ്കിൽ ആത്മഹത്യാനിരക്ക് കൂടുതൽ വർദ്ധിക്കുമായിരുന്നു. ആത്മഹത്യ ചെയ്യുന്നവരിൽ ഭൂരിഭാഗവും ദൈവം ഉണ്ടെന്ന് വിശ്വാസമുള്ളവരാണ് എന്നാൽ ദൈവത്തോട് വ്യക്തിപരമായ ബന്ധമില്ല എന്നുള്ളതാണ് സത്യം. പ്രത്യേക സാഹചര്യത്തിൽ ദൈവത്തെയും ദൈവവിശ്വാസത്തെക്കാൾ തങ്ങളുടെ പ്രശ്നങ്ങളെ വലിയതായി കാണുന്നതാണ് പലരുടെയും ആത്മഹത്യക്ക് കാരണം. ജീവിതത്തിൽ പ്രശ്നങ്ങൾ ഇല്ലാത്തവരായി ആരുമില്ല എന്നാൽ പരിഹാരമില്ലാത്ത ഒന്നും നമ്മുടെ ജീവിതത്തിലില്ല. ആത്മഹത്യയ്ക്ക് നൂറ് വഴികളുണ്ടായിരിക്കാം എന്നാൽ നാം അഭിമുഖീകരിക്കുന്ന സകല പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ട്.

ഈ സന്ദേശം വായിക്കുന്നവരിൽ ആത്മഹത്യ പ്രവണതയുള്ളവരുണ്ടെങ്കിൽ അത് പങ്കുവെക്കുകയും പരിഹാരം കാണുകയും വേണം. കുടുംബത്തിൽ, ബന്ധുജനങ്ങളിൽ, സ്നേഹിതരിൽ, അയൽവാസികളിലെങ്കിലും ആത്മഹത്യാ പ്രവണതയുള്ളവരില്ല എന്ന് ഉറപ്പുവരുത്തുവാൻ നമുക്ക് കഴിയണം. നാം കാരണം ഒരാൾക്കും ആത്മഹത്യ ചെയ്യുവാൻ ഇടവരരുത്. നമ്മുടെ ചെറിയ വിഷയങ്ങൾ ആത്മഹത്യചെയ്യുന്ന വ്യക്തിക്ക് അത് വലിയ വിഷയങ്ങളായിരിക്കാം അതുകൊണ്ട് മറ്റുള്ളവരുടെ പ്രശ്നങ്ങളിൽ സങ്കടങ്ങളിൽ നാം ആശ്വസിപ്പിക്കാനും അതിൽ നിന്നും പിന്തിരിപ്പിക്കാനും തയാറാകണം. ആത്മഹത്യ ചെയ്യുന്നവരെ ലോകം ഓർക്കാറില്ല, ഓർക്കാൻ ഇഷ്ടപ്പെടുന്നില്ലെന്നതാണ് വാസ്തവം.

***വിശുദ്ധ തിരുവെഴുത്തുകളിൽ ആത്മഹത്യയും അതിന്റെ ചിന്തകളും***

"ഒരുപിടി മാവും തുരുത്തിയിൽ അല്പം എണ്ണയും... രണ്ടു വിറകുപെറുക്കി എനിക്കും മകനും വേണ്ടി ഒരുക്കി അതു ഞങ്ങൾ തിന്നിട്ടു മരിപ്പനിരിക്കയാകുന്നു" ജീവിതം വഴിമുട്ടിയ അടുത്തദിവസം എന്തു സംഭവിക്കുമെന്നൊന്നും പറയാൻകഴിയാത്ത സാഹചര്യത്തിൽ സാരെഫാത്തിലെ വിധവയുടെ വാചകത്തിൽ ഇത് അവസാനത്തെ പാചകമാണ്, അവസാനത്തെ ആഹാരവും കഴിച്ചിട്ട് മരിക്കണമെന്ന തീരുമാനത്തോടെ വിറക് പെറുക്കിയവൾ പ്രവാചക ശബ്ദം ശിരസ്സാവഹിച്ചപ്പോൾ കലത്തിലും ഭരണിയിലും ഉറവതുറന്നു. തനിക്കും മകനും പിന്നെ പ്രവാചകനായ ഏലിയാവിനും തന്റെ വീട്ടുകാർക്കും ഏറിയാനൾ പങ്കുവെയ്ക്കത്തക നിലയിൽ മാവ് തീർന്നും എണ്ണ കുറഞ്ഞു പോകാതെ ആ ക്ഷാമകാലത്ത് ക്ഷേമമായി പുലരാൻ അഹോവൃത്തി നൽകി ദൈവം അനുഗ്രഹിച്ചു.

അരച്ചാൺ വയറിനു വേണ്ടത് ഇല്ലാത്തതുകൊണ്ട് ഒരു മുഴം കയറിൽ ജീവിതം അവസാനിപ്പിക്കേണ്ടിവന്നില്ല. നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചുകൊള്ളുക അവൻ നിന്നെ പുലർത്തും. ഒന്നുമില്ലായിമയുടെയും കടക്കെണിയുടെ നടുവിൽ കടക്കാരൻ രണ്ട് മക്കളെ പിടിച്ചു അടിമകളാക്കുവാൻ വന്നിരിക്കുന്ന ജീവിതസാഹചര്യത്തിൽ യഹോവഭക്തന്റെ വിധവയ്ക്കു മക്കളെ കൊണ്ട് ആത്മഹത്യ ചെയ്യേണ്ടിവന്നില്ല. യഹോവയെ അന്വേഷിക്കുന്നവർക്ക് ഒരു നന്മക്കും കുറവില്ല. ഒരു ഭരണി എണ്ണയെ അനുഗ്രഹിച്ചു വർധിപ്പിച്ചു, എണ്ണവിറ്റു കടം വീട്ടി ശേഷിപ്പ് കൊണ്ട് ഉപജീവനം കഴിക്കത്തക്ക നിലയിൽ ദൈവപ്രവർത്തി വെളിപ്പെട്ടു. ജീവിതത്തിൽ ഇല്ലായ്മകളും ഒരു നേരത്തെ ആഹാരത്തിന് വകയില്ലാത്ത അവസ്ഥയും കടക്കെണിയുടെ നടുവിലാണോ ആത്മഹത്യയല്ല പരിഹാരമാർഗം ജീവിതത്തിൽ പരിഹാരങ്ങൾ ഒരുക്കുന്ന ദൈവത്തിൽ ആശ്രയിക്കാം.

ബഹുഭൂരിപക്ഷം ആളുകളും ജീവിതത്തിൽ ഒരിക്കൽ എങ്കിലും മരിച്ചാൽമതി എന്നു പറയുന്നവരോ അതിനായി പ്രാർത്ഥിച്ചവരോ ആണെന്നതാണ് പരമാർത്ഥം. പ്രാർത്ഥിച്ചു മരണത്തിൽനിന്നും നീക്കുപോക്ക് ലഭിച്ച യോനാ പിന്നീട് ക്ഷീണിച്ച് മരിച്ചാൽ കൊള്ളാം എന്ന് ഇച്ഛിച്ചു ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നത് എനിക്ക് നന്ന് എന്ന് രണ്ടാവർത്തി പ്രാർത്ഥിച്ചു. പലരും ജീവിതത്തിൽ തണലായി ഇരിക്കുന്നവർ മാറി പോകുമ്പോൾ ക്ഷീണം സംഭവിക്കുമ്പോളും പലരും ജീവിതം അവസാനിപ്പിക്കുവാൻ പ്രാർത്ഥിക്കുന്നു എന്നാൽ ജീവിതത്തിൽ തണലിനെക്കൾ തണൽ നൽകിയ ദൈവത്തിൽ ആശ്രയിക്കാം.

ഏലിയാ പ്രവാചകനു ജീവന് ഭീഷണി നേരിട്ടപ്പോൾ ചൂരചെടിയുടെ തണലിൽ ഇരുന്ന് മരിപ്പാൻ ഇച്ഛിച്ചു. ഇപ്പോൾ മതി യഹോവേ എന്റെ പ്രാണനെ എടുത്തു കൊള്ളേണമേ. ഇങ്ങനെയുള്ള ആഗ്രഹവും പ്രാർത്ഥനയും കർത്താവ് അംഗീകരിക്കുകയില്ല. സമാധാനത്തോടെ കിടന്നുറങ്ങാനും ദൂരെ യാത്രയ്ക്കായി ശക്തിക്കരിപ്പാനും ജീവിതലക്ഷ്യം പൂർത്തീകരിക്കാൻ മുമ്പിൽ വഴികളെ തുറക്കും. എന്റെ മരണം ഇങ്ങനെ ആയിരിക്കണം എന്നാ നമ്മുടെ കണക്കുകൂട്ടലുകളുടെ തെറ്റായാ പ്രാർത്ഥനയുടെയും അടിസ്ഥാനത്തിലല്ല ദൈവേഷ്ടം നിറവേറ്റുവാൻ സമർപ്പിച്ചാൽ കർത്താവ് മുൻപോട്ടു നയിക്കും. മരിച്ചാൽ മതി എന്നുള്ള പ്രാർത്ഥന കേട്ടിരുന്നെങ്കിൽ ഇപ്പോൾ നിങ്ങൾ ആയിരിക്കുന്ന സ്ഥിതിയിൽ എത്തുകയില്ലായിരുന്നു. ആലോചനയിൽ വലിയവനായ ദൈവം ചിലരെ അഭിഷേകം ചെയ്യുവാൻ ഏലിയാവിനെ ഉപയോഗികുകയും ജീവൻ എടുക്കാൻ കാത്തിരുന്നവരുടെ ഇടയിൽനിന്നും മരണം കാണാതെ ജീവനോടെ എടുത്തു കൊള്ളപ്പെട്ടു.

അഹിഥോഫെൽ പറയുന്ന ആലോചന ആ കാലത്ത് ദൈവത്തിന്റെ അരുളപ്പാടുപോലെ ആയിരുന്നു. എന്നാൽ ജീവിതത്തിൽ ഒരു സാഹചര്യത്തിൽ താൻ പറഞ്ഞ ആലോചന നടന്നില്ലയെന്ന് കണ്ടപ്പോൾ താൻ പോയി ആത്മഹത്യ ചെയ്തു. നമ്മുടെ ആലോചനകൾ നടക്കാതെ വരുമ്പോൾ എടുക്കേണ്ട തീരുമാനമല്ല ആത്മഹത്യ. ആലോചനയിൽ വലിയവനായ ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിച്ച് ദൈവാലോചനക്കായി കാത്തിരിക്കാം. യേശുവിനെ ഒറ്റികൊടുത്ത യൂദാ, കർത്താവിനെ ശിക്ഷക്കു വിധിച്ചു എന്നുകണ്ടു ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചു കൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു ജീവിതം അവസാനിപ്പിച്ചു. യൂദായുടെ ഹൃദയത്തിൽ യേശുവിനെ കാണിച്ചു കൊടുക്കാൻ സാത്താൻ തോന്നിപ്പിക്കുകയും പിന്നീട് യൂദയിൽ കടന്ന സാത്താൻ യൂദയെ കൊണ്ട് ആത്മഹത്യയെന്ന ഈ ഹീന കൃത്യം ചെയ്യിച്ചു. അതുകൊണ്ട് ജീവിതത്തിൽ പിശാചിന്നു ഇടം കൊടുക്കരുത്. ലംഘനങ്ങൾ മറെക്കുവാൻ ആത്മഹത്യ പരിഹാരമല്ല തന്റെ ലംഘനങ്ങൾ മറയ്ക്കുന്നവന്നു ശുഭം വരികയില്ല അവയെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും.

ഇസ്രയേലിന്റെ ആദ്യരാജാവായ ശൗൽ പടയിൽ അഗ്രചർമ്മികൾ വന്നു എന്നെ കൊന്നുകളയും എന്ന് ഭയപ്പെട്ടു ഒരു വാൾ പിടിച്ച് അതിന്മേൽ വീണ് ആത്മഹത്യ ചെയ്യുവാൻ ഉള്ളശ്രമം പരാജയപ്പെട്ടു ജീവനും മരണത്തിനും ഇടയിൽ കിടന്നതുകൊണ്ട് ശേഷിക്കുന്ന ജീവിതം കുത്തലും അപമാനവും ആയിരിക്കുമെന്ന് ഭയപ്പെട്ടിരുന്നതുകൊണ്ട് ദയാവധത്തിന് അപേക്ഷിച്ചു മറ്റൊരു വ്യക്തിയുടെ സഹായത്തോടെ ജീവിതം അവസാനിപ്പിക്കേണ്ടി വന്നു. ദേഹത്തെ കൊന്നിട്ടു പിന്നെ അധികമായി ഒന്നും ചെയ്വാൻ കഴിയാത്തവരെ ഭയപ്പെടേണ്ടാ. പിടിക്കപ്പെടും കൊല്ലപ്പെടും എന്ന് ഭയപ്പെട്ടു ആത്മഹത്യ ചെയ്യരുത്.

"നീ ഇനിയും നിന്റെ ഭക്തി മുറുകെപിടിച്ചു കൊണ്ടിരിക്കുന്നുവോ: ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചുകളക" എന്ന് ഇയ്യോബിനോട് തന്റെ ജീവിതപങ്കാളി പറഞ്ഞു. ഇയ്യോബിന് അന്ന് തന്റെ മക്കളും അവരുടെ വീടുകളും സമ്പത്തും ദാസിദാസന്മാരെയും തന്റെ ശാരീരിക ആരോഗ്യവും എല്ലാം നഷ്ടമായി ഇനി എന്തിനു ജീവിക്കണം, ആർക്കുവേണ്ടി ജീവിക്കണം എന്ന് സ്വയം തോന്നാം. ജീവിതപങ്കാളിയും മറ്റുള്ളവരും ഒരു പക്ഷേ പറയാം പോയി ജീവിതം അവസാനിപ്പിച്ചു കൂടെ എന്ന് എന്നാൽ പ്രാർത്ഥിക്കുന്ന ഭക്തനറിയാം നഷ്ടങ്ങളെയും ഇല്ലായ്മകളുടെയും കുറവ് തീർക്കുന്ന ഒരു ദൈവമുണ്ട്. പ്രാർത്ഥന ഭക്തന്റെ സ്ഥിതിമാറ്റും എല്ലാം നഷ്ടമായാലും ദൈവഭക്തിയും പ്രാർത്ഥനയും നഷ്ടപ്പെടുത്താത്ത ഒരു ഭക്തനും ആത്മഹത്യാ ചെയ്യേണ്ടിവരില്ല.

ആത്മഹത്യാശ്രമം കാരാഗ്രഹപ്രമാണി വാളൂരി ആത്മഹത്യ ചെയ്യുവാൻ ഭാവിച്ചു. ഊഹാപോഹങ്ങളും അങ്ങനെ അല്ല ഇങ്ങനെ ആയിരിക്കും എന്നുള്ള ചിന്തയുടെ അടിസ്ഥാനത്തിൽ യഥാർഥ്യങ്ങളെ ചുറ്റുപാടിൽനിന്ന് തിരിച്ചറിയാതെ എടുക്കുന്ന തീരുമാനം പരാജയം ആയിരിക്കും.

ചെയ്യുന്ന ജോലിയിൽ വിഴ്ച സംഭവിച്ച് പ്രതിയാക്കപ്പെടുമ്പോൾ പരാജയം സംഭവിക്കുമ്പോൾ അതിന് പരിഹാരമുണ്ട്. വെളിച്ചം നഷ്ടപ്പെട്ട് ചുറ്റും കൂരിരുട്ട് മുമ്പിൽ ഒന്നും കാണുവാൻ കഴിയാത്ത അവസ്ഥ ആ ഒരു സാഹചര്യത്തിൽ 'നിനക്ക് ഒരു ദോഷവും ചെയ്യരുത്' എന്ന് പൗലോസ് ഉറക്കെ വിളിച്ചു പറഞ്ഞു ഇതുപോലെ നമുക്കും ഈ സമൂഹത്തോട് വിളിച്ചു പറയാം. നിനക്ക് ഒരു ദോഷവും ചെയ്യരുത്.

# കഴുതപ്പുറത്ത് യാത്ര ചെയ്തവൻ മേഘാരുഢനായി വരുന്നു...

ജനമെല്ലാം ഏക സ്വരത്തിൽ പാടി... ഹോശന്നാ.... ഹോശന്നാ....

ദാവീദ് പുത്രന് ഹോശന്നാ.... അത്യുന്നതങ്ങളിൽ ഹോശന്നാ....

ക്രൂശീകരണത്തിന് മുമ്പ് യേശു ക്രിസ്തുവിന്റെ യെരുശലേമിലേക്കുള്ള രംഗപ്രവേശനം ഒരു കഴുതയുടെ മുകളിലായിരുന്നു...

യേശു യെരുശലേമിനോട് സമീപിച്ചപ്പോൾ ഒലിവ് മലയരികെ ബേത്ത്ഫഗയിൽ എത്തിയപ്പോൾ രണ്ട് ശിഷ്യന്മാരെ എതിരെയുള്ള ഗ്രാമത്തിലേക്ക് അയച്ചു...

അവിടെ കെട്ടിയിരുന്ന ഒരു പെൺ കഴുതയേയും, അതിന്റെ കുട്ടിയെയും ഉടമസ്ഥന്റെ അനുവാദത്തോട് അഴിച്ചു കൊണ്ടുവരുന്നു....

ശിഷ്യന്മാർ തങ്ങളുടെ വസ്ത്രങ്ങളും കഴുതയുടെയും, അതിന്റെ കുട്ടിയുടെ മേൽ വിരിച്ചപ്പോൾ യേശു കഴുതക്കുട്ടിയുടെ പുറത്ത് കയറി...

ശിഷ്യന്മാർ തങ്ങളുടെ വസ്ത്രങ്ങളും, മറ്റുചില വൃക്ഷങ്ങളിൽ നിന്ന് കൊമ്പു വെട്ടിയും വഴിയിൽ വിതറി... അതിനെ യെരുശലേമിലേക്ക് തെളിയിച്ചു..

ജനങ്ങൾ ഹർഷാരവത്തോടെ യേശുവിനെ സ്വീകരിക്കുന്നു... അവർ ആർത്തു വിളിച്ചു...

ദാവീദ് പുത്രന് ഹോശന്നാ കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ അത്യുന്നതങ്ങളിൽ ഹോശന്നാ...

ഹോശന്നാ... ഹോശന്നാ... അർത്ഥം, 'ഇപ്പോൾ രക്ഷിക്ക' എന്നാണ്..

യഹോവേ ഞങ്ങളെ രക്ഷിക്കേണമേ, യഹോവേ ഞങ്ങൾക്ക് ശുഭത നൽകേണമേ.. യഹോവയുടെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ... (സങ്കീർത്തനങ്ങൾ 118: 25,26)

ക്രിസ്തു ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്ന് തന്റെ രാജ്യം ക്ഷണത്തിൽ സ്ഥാപിക്കും എന്ന് ജനങ്ങൾ കരുതി... റോമൻ ഭരണത്തിന്റെ പീഡകളിൽ നിന്ന് തങ്ങളെ രക്ഷിക്കുവാൻ ഉദയം ചെയ്ത മശിഹായാണ് ക്രിസ്തു എന്ന് അവർ അംഗീകരിച്ചു കഴിഞ്ഞു...

യേശുവാണ് വാഗ്ദത്ത മശിഹ എന്നവർ തിരിച്ചറിഞ്ഞു. വിജയശ്രീലാളിതനായ യേശുക്രിസ്തുവിന്റെ പ്രവേശനം ഭരണാധികാരികളെ ഭയപ്പെടുത്തി...

അവൻ യെരുശലേമിൽ കടന്നപ്പോൾ നഗരം മുഴുവനും ഇളകി... (മത്തായി 21:10)

പരീശന്മാരിൽ ചിലർ പറഞ്ഞു നിന്റെ ശിഷ്യന്മാരെ വിലക്കുക. യേശു അവർക്കു കൊടുത്ത മറുപടി: ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും... (ലൂക്കോ. 19:40)

യേശു ക്രിസ്തുവിന്റെ യെരുശലേം പ്രവേശനത്തെക്കുറിച്ച് ഏകദേശം 500 വർഷങ്ങൾക്കു മുമ്പ് പ്രവാചകനായ സെഖര്യാവ് മുൻകൂട്ടി പ്രവചിച്ചിരുന്നു...

'ഇതാ നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു, അവൻ നീതിമാനും, ജയശാലിയും, താഴ്മയുള്ളവനുമായി കഴുതപ്പുറത്ത് പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു...' (സെഖ്. 9:9)


മിശിഹൈക പ്രവചനങ്ങൾ സെഖര്യാവ് പ്രവചനത്തിൽ കാണാൻ കഴിയും. സെഖര്യാവ് 9:9 യേശുവിന്റെ യെരുശലേം പ്രവേശനം... സെഖര്യാവ് 11:12,13

മുപ്പത് വെള്ളി കാശിന് ഒറ്റിക്കൊടുക്കപ്പെടും... സെഖര്യാവ് 13:7

അടി ഏൽക്കപ്പെട്ട ഇടയൻ... സെഖര്യാവ് 14:4

ഒലിവ് മലയിലെ വീണ്ടും വരവ്... സെഖര്യവ് 14:9 സഹസ്രാബ്ദ വാഴ്ച... യെരുശലേമിലേക്ക് കഴുതപ്പുറത്ത് കയറിവരുന്ന യേശു ക്രിസ്തുവിനെ കുറിച്ച് സെഖര്യാവ് പറയുന്നത്:

യേശു രാജാവാണ്... 'ഇതാ നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു...'



ജോയ് മാത്യു

ഒരു രാജാവ് നീതിയോടെ വാഴുന്ന ഒരു സമയമുണ്ട്... യേശു രാജാക്കന്മാരുടെ രാജാവാണ്... യേശു നീതിമാനാണ് ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല എന്ന് പറഞ്ഞ് പീലാത്തോസ് കൈകഴുകി... അനീതിക്കും അധർമ്മത്തിനും എതിരെ ശബ്ദമുയർത്തി കാൽവറിയിൽ നമുക്ക് വേണ്ടി യാഗമാക്കപ്പെട്ട നീതിമാനായ ക്രിസ്തു!

യേശു താഴ്മയുള്ളവനാണ്. സ്വർഗ്ഗോന്നതങ്ങളിലെ സകല മഹിമയും വെടിഞ്ഞ് താണ ലോകത്തിലേക്ക് വന്നു മനുഷ്യനായി അവതരിച്ച ക്രിസ്തു.

'ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചു കൊള്ളണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണം ഉള്ളവനായി തീർന്നു...' (ഫിലിപ്പിയർ 2:5-8)

യേശു സമാധാനം നൽകുന്നവനാണ് 'എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു... അത് ലോകം തരുന്നത് പോലെയല്ല...' എന്നാണ് യേശു തന്റെ ഐഹിക ജീവിതകാലത്ത് പറഞ്ഞത്...

യേശു സമാധാനത്തിന്റെ സന്ദേശവാഹകനായിരുന്നു...

ചുംബനം ചെയ്ത് തന്നെ ഒറ്റിക്കൊടുക്കുവാൻ വന്ന യൂദാസിനോട് യേശു ചോദിച്ചത് '...സ്നേഹിതാ നീ വന്ന കാര്യം എന്ത്?...'എന്നാണ്!

യേശു ജയാളിയാണ്...

കാൽവറിയിൽ മരണത്തെ തോൽപ്പിച്ചു...

പാപത്തിന്റെ ശമ്പളം മരണം എന്ന ന്യായപ്രമാണ വിധിയെ തോൽപ്പിച്ചവനാണ് ക്രിസ്തു...

റോമാ ഗവൺമെന്റിന്റെ മുദ്ര വെച്ച കല്ലറയ്ക്കുള്ളിൽ യേശുവിനെ ഒതുക്കി നിർത്തുവാൻ കഴിഞ്ഞില്ല...

മരണം എന്ന പ്രകൃതിയുടെ സാമാന്യ നിയമത്തെ യേശു തോൽപ്പിച്ചു വിജയാളിയായി മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വർഗ്ഗോന്നതങ്ങളിലേക്ക് കയറിപ്പോയി....

കഴുതപ്പുറത്ത് വാഹനമേറി യെരുശലേമിലേക്ക് വന്നവൻ....

മേഘാരൂഢനായി വീണ്ടും വരും..

ആമേൻ....

ഇതാ അവൻ

മേഘരൂഢനായി വരുന്നു..

ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും. ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെ ചൊല്ലി വിലപിക്കും... ഉവ്വ്...

ആമേൻ...

(വെളിപ്പാട് 1:7)

"...മേഘാരൂഢനായി വന്നിടുമേ,
പതിനായിരം പേർകളിൽ സുന്ദരൻ താൻ....
തന്റെ
കോമളരൂപം കണ്ടാനന്ദിപ്പാൻ, ഒരുങ്ങീടാം...



# പാഴ്ചിലവുകൾ

ജോൺസൺ കുമ്പനാട്

തങ്ങളുടെ തോളിൽ നിന്ന് അവർ സുഗന്ധവർഗ്ഗം താഴെയിറക്കി.

കഴിഞ്ഞ രാത്രിയും ആരും ഒരു പോള കണ്ണടച്ചിരുന്നില്ല. അതിന് തലേ ദിവസവും!

നഷ്ടപ്പെട്ടുപോയ പ്രതീക്ഷകളുടെ മേൽ ഇടുവാനായി അവർ സുഗന്ധവർഗ്ഗമൊരുക്കുകയായിരുന്നു.

പ്രഭാത കിരണങ്ങൾ ഭൂമിയെ പുൽകുന്നതിന് മുമ്പേ അവർ കല്ലറയെ ലക്ഷ്യമാക്കി ഇറങ്ങി. ആരുമൊന്നും മിണ്ടിയിരുന്നില്ല. റോമൻ ഇംപീരിയൽ മുദ്രയേറ്റ വലിയ കല്ല് അവരുടെ കൺമുമ്പിൽ അതിലും വലിയ ചോദ്യമായി അടഞ്ഞുകിടന്നു.

ശോശന്നപൂക്കൾ വിരിഞ്ഞ് സൗരഭ്യം പരത്തുന്ന ആ പ്രഭാതത്തിൽ മഞ്ഞുതുള്ളികൾ വീണ് നനഞ്ഞ പടിക്കെട്ടുകൾ കയറി കല്ലറ വാതിൽക്കൽ എത്തിയപ്പോൾ വിശ്വസിക്കാനാവാതെ അവർ പരസ്പരം നോക്കി.

'അവൻ ഇവിടെയില്ല, ഉയർത്തെഴുന്നേറ്റിരിക്കുന്നു'

തങ്ങൾ ഏറ്റവും വ്യാകുലപ്പെട്ട വലിയ പ്രശ്നമായ കല്ലിന്റെ മുകളിൽ നിന്നാണാ ശബ്ദം!

മാനവരാശി ഉണ്ടായതു മുതൽ അന്നുവരെ കേട്ട ശബ്ദത്തിൽ ഏറ്റവും ആധികാരികമായ വാക്കുകൾ!

വിശ്വസിക്കാനാവാത്ത വാർത്ത കേട്ട ആ സ്ത്രീകൾ കല്ലറക്കകത്തേക്കോടി.

അവിടെ തൂകി കിടക്കുന്ന സുഗന്ധവർഗ്ഗം.

നിക്കോദിമോസിന്റെ വക!

ചുറ്റുകളഴിക്കാതെ മാറ്റി വച്ചിരിക്കുന്ന ശവക്കച്ച.

അരിമത്ഥ്യക്കാരന്റെ വക!

അവർ തിരികെ കല്ലറ വാതിൽക്കൽ എത്തി.

അവിടെ ഇറക്കി വച്ച സുഗന്ധവർഗ്ഗക്കൂട്ട്.

തങ്ങളുടെ വക !

ഒരേ തൂവൽപക്ഷികളുടെ സംഭാവനകൾ.

രഹസ്യശിക്ഷ്യന്റെ കച്ചയും രാത്രി ശിക്ഷ്യന്റെ സുഗന്ധവർഗ്ഗവും ആവൻ ആരെന്നറിയാതെ അനുഗമിച്ച സ്ത്രീകളായവരുടെ ഒരുക്കിയ സുഗന്ധവർഗ്ഗവും.

യോസേഫ് രഹസ്യശിക്ഷ്യനായിരുന്നു!

പരസ്യമായി വരാൻ അയാളെ തടഞ്ഞത് ഭയമായിരുന്നു.

നിക്കോദിമോസ് രാത്രി ശിക്ഷ്യനായിരുന്നു. പകൽ മറ്റു ബിസിനസ്സ്.

കൂടെ നടന്നിട്ടും കർത്താവിനെ അറിയേണ്ട പോലെ അറിയാൻ കഴിയാത്തവരായിരുന്നു സ്ത്രീകൾ.

മൂന്ന് കൂട്ടരുടെയും സംഭാവനകൾ കർത്താവിന് ശരിക്കും ആവശ്യമില്ലാത്തതായിരുന്നു.

അത് അറിയണമെങ്കിൽ അവിടുന്ന് ആരാണെന്നറിയണമായിരുന്നു.

പിന്നെ യേശുവിന് ഒരു ശവസംസ്കാരത്തിന് നൽകേണ്ടിയ മര്യാദ നൽകി എന്നു പറഞ്ഞ് ആശ്വസിക്കാം.

കൂടെ മരിക്കാൻ വീരവാദം മുഴക്കി നടന്നവർ വീരപരാജയമായപ്പോൾ നിങ്ങൾ നടത്തിയ ഇടപെടലുകൾ അഭിനന്ദനം അർഹിക്കുന്നു.

എന്നാൽ ക്രിസ്തുവിന്റെ പേരിൽ നടത്തുന്ന പാഴ്ചിലവുകൾ ഒഴിവാക്കുവാൻ അവിടുന്ന് ആരാണെന്നറിഞ്ഞാൽ മതി.

ജീവിച്ചിരിക്കുന്ന കാലത്ത് നമുക്ക് കടപ്പാടുകളും മര്യാദകളും പാലിക്കാം.

അത് യേശുവിനോടും മനുഷ്യനോടും. അല്ലാത്തതെല്ലാം ഇന്നും കല്ലറക്കകത്തും പുറത്തും കിടപ്പുണ്ട്. ഉപേക്ഷിക്കപ്പെട്ട്!

പക്ഷേ അവൻ അവിടെ ഇല്ല
ഉയിർത്തെണീറ്റിരിക്കുന്നു!

# ആത്മീയ ശിശുക്കൾ



ജോയ് സാംസൻ

ചില ദിവസങ്ങൾക്ക് മുൻപ് സുവിശേഷീകരണത്തിന്റെ ഭാഗമായി ഭവന സന്ദർശനം നടത്തുന്നതിനും ലഘുലേഖ വിതരണത്തിനുമായി പോയി ജാതി മത ഭേദമെന്യേ എല്ലാ വീടുകളും സന്ദർശിച്ചു ചില വീടുകളിൽ നിന്ന് ശകാരം കേട്ടു ചിലർ ലഘുലേഖ മാത്രം വാങ്ങിച്ചു ചിലർ വിട്ടിനുള്ളിലേക്ക് സ്വീകരിച്ചു വെള്ളം തന്നു വീട്ടുകാർ അവരുടെ വിശേഷങ്ങൾ പറഞ്ഞു ഞാൻ അവരോട് സുവിശേഷം പറഞ്ഞു

അങ്ങനെ ഞാൻ പോയി സുവിശേഷം പറഞ്ഞ ഒരു ഹൈന്ദവ ഭവനത്തിലെ ഒരു കുട്ടിക്ക് ഇരുപത്തെട്ട് വയസ്സുണ്ട് അതിനൊത്ത ശരീര വളർച്ചയുമുണ്ട് എന്നാൽ ഒരേ ഒരു കുഴപ്പം മാത്രം അവനുണ്ട് മറ്റൊന്നുമല്ല അവനിപ്പോഴും മാനസികമായി ബുദ്ധി വളർച്ചയില്ല ബുദ്ധിയുടെ കാര്യത്തിൽ അവനിപ്പോഴും ഒരു ശിശുവാണ് ഞാൻ അവനെ കുറിച്ചുള്ള കാര്യങ്ങൾ അവന്റെ മാതാ പിതാക്കളോട് ചോദിച്ചപ്പോൾ അവർ പറഞ്ഞു, അവന് ഇരുപത്തെട്ട് വയസ്സുണ്ടെങ്കിലും അവനിപ്പോഴും കൊച്ചു കുട്ടിയാണ് അമ്മാപപ്പാ എന്ന് മാത്രം പറയും ഭക്ഷണം വാരി കൊടുക്കണം കൊച്ചു കുട്ടികളുടെ കളിപ്പാട്ടങ്ങൾ ഉപയോഗിച്ചാണ് കളി, പിന്നെ പാട്ട് പാടിയാൽ കൈ കൊട്ടും, ഞാൻ ചോദിച്ചു ഏത് പാട്ട്?

ഉടനെ അമ്മ ആകുട്ടിയോട് മോനെ ഞാൻ പാട്ട് പാടട്ടെ ഉടനെ അവൻ തലയാട്ടി അമ്മ പാടാൻ തുടങ്ങി ആ പാട്ട് ഇങ്ങനെ ആണ്...

അപ്പം തിന്നാൻ കൈ കൊട്ട്
മീമി തിന്നാൻ കൈ കൊട്ട്
ഇറച്ചി തിന്നാൻ കൈകൊട്ട്

ഓരോ വരിയും അമ്മ പാടിയപ്പോൾ ഇരുപത്തെട്ട് വയസ്സുള്ള ആ മകൻ കൈകൊട്ടി ചിരിച്ചു ആ അമ്മ ചിരിച്ചു എങ്കിലും ആ അമ്മയുടെ ഉള്ളിലുള്ള വേദന ഞാൻ മനസ്സിലാക്കി. ഞാനും പുറമെ ചിരിച്ചു എങ്കിലും ആ കുട്ടിയെ കുറിച്ചുള്ള ഹൃദയ വേദന എന്നെയും അലട്ടി ഞാൻ ആ കുട്ടിക്ക് ദൈവം ഒരു വിടുതൽ നൽകേണ്ടതിന് വേണ്ടി പ്രാർത്ഥിച്ച് ആ വീട് വിട്ടിറങ്ങി. ഞാൻ എന്റെ താമസ സ്ഥലത്തെത്തി വൈകുന്നേരം പ്രാർത്ഥിച്ചപ്പോൾ ആ കുട്ടിക്ക് വേണ്ടി വളരെ ഹൃദയ നുറുക്കത്തോടെ പ്രാർത്ഥിച്ചപ്പോൾ എന്റെ അന്തരാത്മാവിൽ ഒരു സ്വരം ഉയർന്ന് വന്നു 'ഇന്നത്തെ ദൈവ മക്കളും ഇതു പോലെയാണ് ബൈബിളിലെ ഒരു വാക്യവും ഓടിയെത്തി' കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്ന നിങ്ങൾക്കു ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെ തന്നേ വീണ്ടും ഉപദേശിച്ചുതരുവാൻ ആവശ്യമായിരിക്കുന്നു; കട്ടിയായുള്ള ആഹാരമല്ല, പാലത്രേ നിങ്ങൾക്കു ആവശ്യമെന്നു വന്നിരിക്കുന്നു. പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രേ; അവൻ ശിശുവല്ലോ. കട്ടിയായുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു (എബ്രാ. 5:12–14).

വിശ്വാസത്തിൽ വന്ന് വർഷങ്ങളുടെ പാരമ്പര്യം പറയാനുണ്ടെങ്കിലും ഇന്നും ശിശുക്കൾ അപ്പം തിന്നാൻ കൈകൊട്ട് എന്ന് പറഞ്ഞാൽ കൈകൊട്ടുന്ന ശിശുവിനെപ്പോലെ, ഗൾഫിൽ പോകും എന്ന് പറഞ്ഞാൽ കൈ കൊട്ടും, യുകെ വിസ കിട്ടും എന്ന് പറഞ്ഞാൽ കൈ കൊട്ടും, ഉയർച്ച വരും എന്ന് പറഞ്ഞാൽ കൈകൊട്ടും, എന്നാൽ കട്ടിയായുള്ള ആഹാരമായ ദൈവ വചനത്തിലെ കാതലായ ഉപദേശങ്ങൾ കേൾക്കാനോ ജീവിക്കാനോ താൽപര്യമില്ല.

പിന്നെയും ആത്മീയ ശിശുക്കളുടെ ലക്ഷണമായ ഈർഷ്യ, പിണക്കം, വിഭാഗീയത, പക്ഷം ചേരൽ എന്നിവയുമുണ്ട്. എന്നാൽ സഹോദരന്മാരേ, നിങ്ങളോടു എനിക്കു ആത്മികന്മാരോടു എന്നപോലെ അല്ല, ജഡികന്മാരോടു എന്നപോലെ, ക്രിസ്തുവിൽ ശിശുക്കളായവരോടു എന്നപോലെ അത്രേ സംസാരിപ്പാൻ കഴിഞ്ഞുള്ളു. ഭക്ഷണമല്ല, പാൽ അത്രേ ഞാൻ നിങ്ങൾക്കു തന്നതു; ഭക്ഷിപ്പാൻ നിങ്ങൾക്കു കഴിവില്ലായിരുന്നു; ഇപ്പോഴും കഴിവായിട്ടില്ല; ഇന്നും നിങ്ങൾ ജഡികന്മാരല്ലോ. നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ, നിങ്ങൾ ജഡികന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലയോ? ഒരുത്തൻ: ഞാൻ പൗലൊസിന്റെ പക്ഷക്കാരൻ എന്നും മറ്റൊരുത്തൻ: ഞാൻ അപ്പൊല്ലോസിന്റെ പക്ഷക്കാരൻ എന്നും പറയുമ്പോൾ നിങ്ങൾ സാധാരണമനുഷ്യരല്ലയോ? (1 കൊരി. 3:14)

അതുകൊണ്ട് പ്രിയമുള്ളവരേ ഇനിയെങ്കിലും ആത്മീയ ശൈശവ ദശയിൽ നിന്ന് ആത്മീയ വളർച്ച പ്രാപിക്കാം ആത്മീയ വളർച്ച പ്രാപിക്കാതിരുന്നാൽ നിങ്ങളെ കുറിച്ചോർത്ത് സ്വർഗ്ഗീയ പിതാവ് ദുഖിക്കുന്നു.

# യേശുക്രിസ്തു - നമ്മുടെ ഏക പ്രത്യാശ!



സജി രാജൻ

ജീവിതത്തിൽ നമുക്കെല്ലാവർക്കും ആവശ്യമുള്ള ഒരു കാര്യമുണ്ടെങ്കിൽ, അത് തീർച്ചയായും പ്രതീക്ഷയാണ്. ഭാവിയിലേക്ക് ഉറ്റുനോക്കുന്ന ഒരു കൊച്ചുകുട്ടിയായാലും, ജീവിതത്തിൽ ഉറച്ചുനിൽക്കുന്ന ഒരു യുവാവായാലും സ്ത്രീയായാലും, വീടിനും കുടുംബത്തിനും നല്ലത് ആഗ്രഹിക്കുന്ന മാതാപിതാക്കളായാലും, അല്ലെങ്കിൽ അതിലൂടെ കടന്നുപോയ മുതിർന്ന ആളുകളായാലും, പ്രതീക്ഷയാണ് കാത്തുസൂക്ഷിക്കുന്നത്. നാമെല്ലാവരും നമ്മുടെ ലക്ഷ്യങ്ങൾക്കായി പരിശ്രമിക്കുന്നു. കുടുംബങ്ങൾ, സുഹൃത്തുക്കൾ, ബന്ധുക്കൾ എന്നിവരിൽ നിന്നുള്ള ഒറ്റപ്പെടലിന്റെ ഈ ശ്രമകരമായ സമയങ്ങളിൽ ഞങ്ങൾ ആശ്ചര്യപ്പെടുമ്പോഴും, കാര്യങ്ങൾ ഇപ്പോൾ ഉള്ളതിനേക്കാൾ മികച്ചതായി മാറുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അതിനാൽ പ്രതീക്ഷയാണ് നമ്മെ എല്ലാവരെയും മുന്നോട്ട് നയിക്കുന്നത്. അത് ചെറിയ കാര്യങ്ങൾക്കുള്ള പ്രത്യാശയായിരിക്കാം അല്ലെങ്കിൽ വലിയ കാര്യങ്ങൾക്കുള്ള പ്രതീക്ഷയായിരിക്കാം, പക്ഷേ നമുക്കെല്ലാവർക്കും ജീവിതം തുടരാൻ പ്രത്യാശ ആവശ്യമാണ്. പ്രതീക്ഷയില്ലാതെ ജീവിക്കുന്നതിൽ അർത്ഥമില്ല. ജനിച്ച നാൾ മുതൽ നാമെല്ലാം നശിച്ചുപോയാൽ പിന്നെ ജീവിച്ചിട്ട് എന്ത് കാര്യം? ഭാഗ്യവശാൽ അങ്ങനെയല്ല.

സങ്കീർത്തനം 20:7, 1 കൊരിന്ത്യർ 13:13. പ്രതീക്ഷയില്ലാതെ നമ്മുടെ ഭാവി ഇരുളടഞ്ഞതും അനിശ്ചിതത്വവുമാണ്. നമ്മൾ എന്ത് ചെയ്താലും പറഞ്ഞാലും കാര്യങ്ങൾ അങ്ങനെ തന്നെയായിരിക്കും എന്ന കാഴ്ചപ്പാട് പലർക്കും ഉണ്ടായിരിക്കാം. അത് തന്റെ മക്കളോടുള്ള ദൈവവചനത്തിന്റെ വീക്ഷണമല്ല. 42–ാം സങ്കീർത്തനത്തിൽ നാം ഈ വാക്കുകൾ വായിക്കുന്നു: എന്റെ ആത്മാവേ, നീ വിഷാദിച്ചിരിക്കുന്നതെന്തുകൊണ്ട്? എന്തുകൊണ്ടാണ് എന്റെ ഉള്ളിൽ ഇത്ര അസ്വസ്ഥത? ദൈവത്തിൽ പ്രത്യാശ വെക്കുക, എന്തുകൊണ്ടെന്നാൽ എന്റെ രക്ഷകനും എന്റെ ദൈവവുമായ അവനെ ഞാൻ ഇനിയും സ്തുതിക്കും.


ഇന്നത്തെ കാലത്ത് എത്രപേർ കേവലം അധഃസ്ഥിത ലോകത്തിൽ നിലനിൽക്കുന്നു, കാര്യങ്ങൾ മികച്ചതാക്കാൻ ശ്രമിക്കുന്നു? ദാവീദ് നമ്മോട് പറയുന്നത് വ്യത്യസ്തമാണ് ഞാൻ ആസൂത്രണം ചെയ്തതുപോലെ കാര്യങ്ങൾ മാറുന്നില്ലെങ്കിലും, ദൈവത്തിന് കൂടുതൽ നന്നായി അറിയാമെന്നും ഭാവിയിൽ എനിക്കായി കൂടുതൽ മെച്ചപ്പെട്ട കാര്യങ്ങൾ കരുതിവെക്കുമെന്നും വിശ്വസിക്കുക. നമുക്ക് എന്ത് നേരിടേണ്ടി വന്നാലും സത്യവും വിശ്വസ്തരുമായ ആളുകളായിരിക്കണമെന്ന് ദാവീദ് നമ്മെ കാണിക്കുന്നു. എന്റെ ജീവിതസാഹചര്യങ്ങൾ ഞാൻ ആരാണെന്നോ എന്താണെന്നോ നിർണ്ണയിക്കുന്നില്ല, എന്റെ ദൈവത്തിന്റെ വചനം ഞാൻ ആരാണെന്ന് നിർണ്ണയിക്കുന്നു! നമ്മുടെ രക്ഷയുടെ ഉറവിടത്തിൽ പ്രത്യാശയുള്ളവരായിരിക്കാൻ ദാവീദ് നമ്മെ പ്രോത്സാഹിപ്പിക്കുന്നു, കാരണം നാം അവനോട് വിശ്വസ്തരായി നിലകൊള്ളുമ്പോൾ നമ്മുടെ ദൈവത്തിന്റെ സ്നേഹവും കരുണയും അനുകമ്പയും നമ്മുടേതാണ്.

യെശയ്യാവ് 40:31 ൽ നാം വായിക്കുന്നു, എന്നാൽ കർത്താവിൽ പ്രത്യാശിക്കുന്നവർ തങ്ങളുടെ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു പറക്കും; അവർ ഓടി തളർന്നുപോകാതെ നടക്കും, തളർന്നുപോകാതെ നടക്കും. നാം കർത്താവിൽ കാത്തിരിക്കുകയോ അവനിൽ പ്രത്യാശവെക്കുകയോ ചെയ്യുമ്പോൾ നമ്മുടെ ശക്തി നവീകരിക്കപ്പെടുമെന്ന് യെശയ്യാ പ്രവാചകൻ പറയുന്നു. നാം അഭിമുഖീകരിക്കുന്ന സാഹചര്യത്തെ മറികടക്കുമെന്നും അദ്ദേഹം നമ്മെ ഉദ്ബോധിപ്പിക്കുന്നു. നാം അവരെ ഒഴിവാക്കും എന്നല്ല, മറിച്ച് അവയെ സഹിച്ചുകൊണ്ട് നാം അവരെ കീഴടക്കുകയും ദൈവത്തിൽ നാം ആരാണെന്നതിനാൽ മൂല്യവും മൂല്യവും പ്രാധാന്യവും നേടുകയും ചെയ്യും. ദൈവത്തിലുള്ള നമ്മുടെ പ്രത്യാശ നമ്മെ കാണുമെന്നും, അതിലൂടെ നാം തളർന്നുപോകുകയോ തളർന്നുപോകുകയോ ചെയ്യില്ല, എന്നാൽ വരാനിരിക്കുന്ന ഏത് സാഹചര്യത്തെയും തരണം ചെയ്യാനുള്ള ശക്തി നമുക്ക് ലഭിക്കുമെന്ന് അവൻ നമ്മോട് പറയുന്നു. ദൈവത്തിലുള്ള നമ്മുടെ പ്രത്യാശ ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തെക്കുറിച്ച് പറയുന്നു. നമ്മുടെ രോഗങ്ങളെ സുഖപ്പെടുത്താനും ബലഹീനതയുടെ സമയത്തും ബലഹീനത അനുഭവപ്പെടുമ്പോഴും നമ്മെ ശക്തിപ്പെടുത്താനും ദൈവത്തിൽ വിശ്വസിക്കുന്നു. ദൈവമക്കൾക്ക് നിരാശയോ നിസ്സഹായതയോ തോന്നാൻ ഒരു കാരണവുമില്ല, കാരണം ദൈവം നമ്മുടെ പ്രത്യാശയും കവചവുമാണ്, ശത്രുവിന്റെ ആക്രമണങ്ങളിൽ നിന്നുള്ള നമ്മുടെ കോട്ടയാണ്. അവനിൽ നാം സുരക്ഷിതരും സുരക്ഷിതരുമാണ്!

റോമർ 15:13 –ൽ നാം വായിക്കുന്നു, 'നിങ്ങൾ അവനിൽ ആശ്രയിക്കുമ്പോൾ, പ്രത്യാശയുടെ ദൈവം നിങ്ങളെ എല്ലാ സന്തോഷവും സമാധാനവും കൊണ്ട് നിറയ്ക്കട്ടെ, അങ്ങനെ നിങ്ങൾ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പ്രത്യാശയിൽ കവിഞ്ഞൊഴുകും.' നമ്മുടെ ദൈവം പ്രത്യാശയുടെ ദൈവമാണെന്നും നാം അവനിൽ ആശ്രയിക്കുമ്പോൾ നമ്മെ എല്ലാവരെയും സന്തോഷവും സമാധാനവും കൊണ്ട് നിറയ്ക്കാനുള്ള കഴിവ് അവനുണ്ടെന്നും ഈ വാചകം നമ്മോട് പറയുന്നു. നാം അവനിൽ വിശ്വാസം അർപ്പിക്കുമ്പോഴും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അവൻ നമ്മെ പ്രത്യാശയിൽ കവിഞ്ഞൊഴുകാൻ ഇടയാക്കും.

ദൈവം നമുക്ക് തെറ്റായ പ്രത്യാശ നൽകില്ല. നമ്മുടെ ഭാവി അവനോടൊപ്പമാണെന്ന് അവന്റെ വചനം വ്യക്തമാണ്. നമ്മുടെ നിത്യത അവനിൽ സുരക്ഷിതമാണ്. നമ്മുടെ രക്ഷ അവനിൽ പൂർണമാണ്. അവന്റെ ചൊരിയപ്പെട്ട രക്തത്താൽ നമ്മുടെ വീണ്ടെടുപ്പ് ഒപ്പിട്ടിരിക്കുന്നു. നമ്മുടെ നടത്തം അവിടുത്തെ വചനത്താൽ പ്രബോധനം ചെയ്യപ്പെടുന്നു. നമ്മുടെ ജീവിതം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വിശുദ്ധീകരിക്കപ്പെടുന്നു, നമ്മുടെ ജീവിതം ക്രിസ്തുവിനോടൊപ്പം ദൈവത്തിൽ മറഞ്ഞിരിക്കുന്നു. അതാണ് നമ്മുടെ പ്രത്യാശ, ആ പ്രത്യാശ ദൈവത്തിൽ നിന്നാണ് വരുന്നത്. അവന്റെ നാമത്തിനുവേണ്ടി നമ്മെ കാത്തുസൂക്ഷിക്കുകയും സംരക്ഷിക്കുകയും നീതിയുടെ പാതകളിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നത് അവന്റെ വചനമാണ്. ദൈവമില്ലാതെ പ്രത്യാശ ഇല്ലെന്ന് നാം മനസ്സിലാക്കണം – അവൻ മാത്രമാണ് നമ്മുടെ ജീവിതത്തിലെ ഏക പ്രത്യാശ!

# അസാദ്ധ്യതകളുടെ ദൈവത്തിൽ ആശ്രയിക്കുക: ജോൺ പിപ്പെർ



**മിൽട്ടൺ/ക്വിന്റാനില്ല:** എല്ലാ പ്രശ്ന ങ്ങൾക്കും ദൈവീകമായ പരിഹാരമുണ്ട്. അതിനാൽ അസാദ്ധ്യതകളുടെ ദൈവ ത്തെ നാം ആശ്രയിക്കേണ്ടതുണ്ട് ജോൺ പിപ്പെർ പറഞ്ഞു. എഴുത്തുകാരനും, ഡിസയറിംഗ് ഗോഡ് സ്ഥാപകനുമായ അദ്ദേഹം ലിംഗവിവേചനം നേരിടുന്ന ട്രാൻസ്ജെൻഡർ കുട്ടികളുടെ രക്ഷി താക്കൾക്കുള്ള പ്രത്യേക യോഗത്തിൽ സംസാരിക്കുകയായിരുന്നു. തങ്ങളു ടെ പാപം നിമിത്തമാണ്, കുട്ടികൾക്ക് ഇങ്ങനെ ഒരു അവസ്ഥ ഉണ്ടായതെന്ന കുറ്റബോധത്തിൽ ജീവിക്കേണ്ടതില്ലന്നും യെഹസ്ക്കേൽ പ്രവചനം പതിനെട്ടാം അദ്ധ്യായത്തെ ഉദ്ധരിച്ച് അദ്ദേഹം സംസാരിച്ചു. നാല് കുട്ടികളിൽ ലിംഗ വിവേചനം നേരിടുന്ന രണ്ട് കുട്ടികളു ടെ മാതാപിതാക്കൾ തങ്ങളുടെ പ്രശ് നം സഭാ പാസ്റ്ററെ അറിയിച്ചപ്പോൾ, അവർക്കുണ്ടായ തിക്താനുഭവത്തെ ഉദാഹാരണമാക്കിയാണ് അദ്ദേഹം പ്രാധാനമായും സംസാരിച്ചത്.

## 100 ദിന പ്രാർത്ഥനക്കായി കൂടാരം

**തിരുവനന്തപുരം:** ദേശത്തിന്റ വിടുത ലിനായി, രാജ്യത്തിന്റെ ഉണർവ്വിനായി, സഭകളുടെ ഐക്യത്തിനായി,വ്യക്തിപര മായ വിഷയങ്ങൾക്കായി പ്രാർത്ഥിക്കാൻ തുടർമാനമായി 100 ദിവസം 24 മണിക്കൂർ പ്രാർത്ഥിക്കാൻ പ്രാർത്ഥന കൂടാരം തിരുവനന്തപുരം സിറ്റിയിൽ ക്രമീക രിച്ചിരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് 8137971474 ഈ നമ്പറിൽ വിളിക്കുക.

## ബൈബിൾ വ്യാഖ്യനങ്ങൾ തീവ്രവാദപരിധിയിൽ വരുമോ? മുന്നറിയിപ്പ്

**അന്തർദേശീയം:** ട്രാൻസ്ജെൻഡേ ഴ്സ്, ഭ്രൂണഹത്യ, സ്വവർഗ്ഗ വിവാഹം, ലിവിംഗ് റ്റുഗതർ, സ്ത്രീ സമത്യം എന്നീ വിഷയങ്ങളെ കുറിച്ച് ബൈബിളിന്റെ നിലപാടുകൾ വ്യക്തമാണ്. പ്രസ്തുത വിഷയങ്ങളെല്ലാം തന്നെ ഇന്ന് പല രാ ജ്യങ്ങളിലും നിയമവിധേയമായി കൊ ണ്ടിരിക്കുകയാണ്. സഭകളിൽ സ്വവർഗ്ഗ വിവാഹം നടത്താതിരിക്കുന്നതും, അ വർക്കുള്ള വെഡ്ഡിംങ് കേക്ക് തയ്യാറക്കി നൽകാത്തതും, അബോർഷനെതിരെ സംസാരിക്കുന്നതിനും, പ്രാർത്ഥി ക്കുന്നതിനുമെതിരെ സംഘർഷങ്ങൾ ഉണ്ടാക്കുന്നത് മാധ്യമങ്ങൾ റിപ്പോർ ട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഭാവി യിൽ ഇത് സംബന്ധിച്ച പ്രസംഗങ്ങ ളും, പഠിപ്പിക്കലുകളും എല്ലാം തന്നെ രാജ്യ ദ്രോഹക്കുറ്റം, മതതീവ്രവാതം, മനുഷ്യവകാശ ലംഘനങ്ങളായി കണ കാക്കപ്പെട്ട് നിയമനടപടികൾ നേരി ടേണ്ടി വരുമെന്ന് ഒരു സംഘടന മു ന്നറിയിപ്പ് നൽകുന്നു.

## കെനിയൻ ആത്മീയ വിപ്ലവകാരി വിടചൊല്ലി



**ആഫ്രിക്ക/കെനിയ:** കിഴക്കൻ ആ ഫ്രിക്കയിൽ ആരാധനയിൽ ആത്മീയ വിപ്ളവം കൊണ്ടുവന്ന കെനിയൻ നേ താവ് വിടചൊല്ലി. 86 വയസ്സായിരുന്നു. യുറോപ്യൻ കോളനിവത്ക്കാണത്തിൽ നിന്നും ആഫ്രിക്ക വിടുതൽ നേടുന്ന കാലഘട്ടത്തിലാണ് കായോ സുവിശേഷ വേലക്കിറങ്ങിയത്. ആഫ്രിക്കൻ സംസ് ക്കാരത്തിലേക്ക് ക്രിസ്ത്യാനിത്യത്തെ പറിച്ച് നടന്നതിനും, സഭകൾ സ്ഥാപി ക്കുന്നതിനും നിർണ്ണായക പങ്ക് വഹിച്ചു.

കിഴക്കൻ ആഫ്രിക്കയിലെ കരിസ് മാറ്റിക്ക് പ്രസ്ഥാനത്തിനും പെന്തക്കോ സ്തിലിസത്തിനും തടങ്ങൽ പാറയാ യിരുന്നതിനെ ഉടച്ച് കളയാൻ ദൈവം ഉപയോഗിച്ച വ്യക്തിയായിരുന്നു. തെരുവ് പ്രസംഗം ആയിരുന്നു പ്രധാ ന മേഖല എങ്കിലും വിവിധ യൂണി വേഴ്സിറ്റികളിലും, സ്കൂളുകളിലും, കോളേജുകളിലും അതിഥി പ്രസംഗ കനായിരുന്നു.ആഫ്രിക്കയിലെ പെന്ത കോസ്തലിസത്തിന്റെ ഉപജ്ഞാതാവ് കൂടിയായിരുന്നു അദ്ദേഹം.

# സെമിനാരി ആക്രമിക്കപ്പെട്ടു

**പോർട്ട് ഓ പ്രിൻസ്:** കരീബിയൻ രാജ്യ മായ ഹെയ്തിയിൽ മൈനർ സെമിനാ രിയ്ക്കു നേരെ ആക്രമണം. സ്പിരിറ്റൻ ഫാദേഴ്സിന്റെ മേൽനോട്ടത്തിലുള്ള സെ മിനാരി, ക്രിമിനൽ സംഘങ്ങൾ ഏപ്രിൽ 1 ന് ആക്രമണത്തിന് ഇരയാക്കിയതായി ഹെയ്തിയൻ റിലീജിയസ് കോൺഫറൻ സാണ് അറിയിച്ചത്. കംപ്യൂട്ടർ മുറികളും നിരവധി വാഹനങ്ങളും കത്തിച്ച അക്ര മികൾ സെമിനാരി ലൈബ്രറി കൊള്ളയ ടിച്ചു. മാർച്ച് ആരംഭം മുതൽ, ഹെയ്തി യിലെ രാഷ്ട്രീയ സാമൂഹിക സാഹചര്യം ക്രമാതീതമായി വഷളായിരിക്കുകയാണ്.

ജനങ്ങളെ പ്രത്യേകിച്ച് ദരിദ്രരെ മാ ത്രം സേവിക്കുന്ന ആളുകളെ അക്രമികൾ ആക്രമിക്കുകയാണ്. രാജ്യത്തു സമാധാ നം പുനഃസ്ഥാപിക്കാനും നീതി കെട്ടി പ്പടുക്കാനും എല്ലാ ജനങ്ങളും സഹിഷ് ണുതയോടെ ജീവിക്കുന്ന സാഹചര്യം സംജാതമാകാനും പ്രാർത്ഥിക്കുകയാ ണെന്നും ഹെയ്തിയൻ റിലീജിയസ് കോൺഫറൻസ് പ്രസ്താവിച്ചു.

ഒമ്പത് ഗുണ്ടാസംഘങ്ങളുടെ കൂട്ടാ യ്മയായ 'ജി-9' ആണ് ഫെബ്രുവരി അവസാനംമുതൽ പ്രധാനമന്ത്രിയുടെ രാജിയാവശ്യപ്പെട്ട് ഹെയ്തിയിൽ ക ലാപം ആരംഭിച്ചത്. രാജിവെച്ചില്ലെ ങ്കിൽ രാജ്യത്ത് ആഭ്യന്തരയുദ്ധമാരം ഭിക്കുമെന്ന് സഖ്യത്തിന്റെ നേതാവായ ജിമ്മി ബാർബിക്യു ചെറിസിയർ ഭീഷ ണിമുഴക്കിയിരുന്നു. കലാപം തുടരു ന്നതിനിടെ, ഹെയ്തി പ്രധാനമന്ത്രി ഏരിയൽ ഹെൻറി ഇതിനിടെ രാജി വെച്ചു. രാജ്യത്തിന്റെ തലസ്ഥാനമായ പോർട്ട്-ഓ-പ്രിൻസിന്റെ 80% പ്രദേശ വും നിയന്ത്രിക്കുന്ന ക്രിമിനൽ ഗ്രൂപ്പു കളുടെ അധിനിവേശമാണ് നിലവിലെ പ്രതിസന്ധി രൂക്ഷമാക്കുന്നത്.

# ബൈബിളുകൾ കത്തിച്ചു



**ടെന്നസ്സ് മൗണ്ട്:** അമേരിക്കയിലെ ടെ ന്നസ്സ് മൗണ്ട് ജൂലിയിലുള്ള വിഷൻ ബൈബിൾ ചർച്ചിന്റെ മുന്നിലാണ് സംഭവം നടന്നത്. അജ്ഞാതനായ ഒരാൾ ചർച്ചിന്റെ 'മുന്നിൽ ഒരു ട്രയി ലറിലാണ് ഇരുന്നോറോളം ബൈബി ളുകൾ കൂട്ടിയിട്ട് കത്തിച്ചത്. ഈസ്റ്റർ ഞായറാഴ്ച്ച അമേരിക്കയിൽ' ട്രാൻസ് വിസിബിലിറ്റി ദിനമായി പ്രസിഡന്റ് ജോ ബൈഡൻ പ്രഖ്യാപിച്ചിരുന്നു. ട്രാൻസ്ജെൻഡർ വിഭാഗം രാജ്യത്തു ടനീളം ക്രൈസ്തവ വിരുദ്ധ പ്രവർ ത്തനങ്ങളിൽ വളരെ കാര്യക്ഷമമായി പ്രവർത്തിച്ച് വരികയാണ്. ക്രൈസ്തവ വിരുദ്ധത അറിയിക്കാനാണ് ബൈബിളു കൾ വില കൊടുത്തു വാങ്ങി തീ ഇട്ടത്.

## സേവനത്തിനും കരുതലിനും ക്രിസ്തു മാതൃക: ചാൾസ് രാജാവ്

**ലണ്ടൻ:** മറ്റുള്ളവരെ സേവിക്കു വാനും, കരുതുവാനും, ദയാലുവാകു വാനും എനിക്ക് പ്രചോദനമാകുന്നത് യേശു ക്രിസ്തുവാണന്ന് ചാൾസ് രാ ജാവ്. ക്യാൻസർ രോഗബാധിതനാ യി ചികൽസയിൽ കഴിയുന്നതിനാൽ ഈസ്റ്റർ ചടങ്ങുകളിൽ പങ്കെടുത്തി രുന്നില്ല. ബക്കിംഹാം കൊട്ടാരത്തിലെ മേശയിൽ രേഖാ പുസ്തകത്തിൽ കു റിച്ച വാക്കുകളാണിത്. അന്ത്യ അത്താഴ ശിശ്രൂഷയിൽ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി, അവരെ സ്നേഹിച്ചതു പോലെ നമുക്കും പരസ്പരം സ്നേഹിക്കാൻ ക ഴിയണം എന്നും അദ്ദേഹം കുറിച്ചു.

## മയക്കുമരുന്നിലും മദ്യത്തിലും ചെന്നുപെടരുത്: ഇന്ദ്ര നൂയി

**യു.എസ്:** യു.എസിലെ ഇന്ത്യൻ വി ദ്യാർത്ഥികളോട് മയക്കുമരുന്നിലോ അമിത മദ്യപാനത്തിലോ ഏർപ്പെട രുതെന്നും പ്രാദേശിക നിയമങ്ങൾ പാലിക്കണമെന്നും സുരക്ഷ ഉറപ്പാ ക്കണമെന്നും ഉപദേശിച്ച് പെപ്സി കോയുടെ മുൻ സി.ഇ.ഒ ഇന്ദ്രനൂയി.

യു.എസിലേക്ക് വരുന്ന ഇന്ത്യൻ വിദ്യാർത്ഥികളോട് ജാഗ്രതയോടെ തു ടരാനും കുഴപ്പത്തിലാക്കുന്ന പ്രവർ ത്തനങ്ങൾ ഒഴിവാക്കാനും അവർ ഉപദേശിക്കുന്ന 10 മിനിറ്റിലധികം ദൈർഘ്യമുള്ള വീഡിയോ ന്യൂയോർ ക്കിലെ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ എക്സിൽ പോസ്റ്റ് ചെയ്തു.

യു.എസിലെ ആദ്യമായി എത്തുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ ആദ്യ മാസങ്ങ ളിൽ വളരെ ശ്രദ്ധാലുക്കളായിരിക്കണമെ ന്നും ആരെയാണ് സുഹൃത്തുക്കളായി തി രഞ്ഞെടുക്കുന്നതെന്നും സ്വീകരിക്കുന്ന പുതിയ ശീലങ്ങളെക്കുറിച്ചും കൃത്യമായി ശ്രദ്ധിക്കണം. ഇന്ത്യൻ വിദ്യാർത്ഥികൾ കഠിനാധ്വാനത്തിനും വിജയത്തിനും പേ രുകേട്ടവരാണെങ്കിലും, ചില യുവാക്കൾ മയക്കുമരുന്നുകൾ പരീക്ഷിക്കുകയും ഒ ടുവിൽ അതിന് അടിമപ്പെടുകയും ചെ യ്യാറുണ്ട്. ഇവ മാനസികവും ശാരീരി കവുമായ ആരോഗ്യത്തെ ബാധിക്കുന്ന ഹാനികരമായ മരുന്നുകളാണെന്നും ഇത് വിദ്യാർത്ഥികളുടെ ജോലി സാധ്യതകളെ യും ദോഷകരമായി ബാധിക്കുമെന്നും അവർ പറഞ്ഞു.

## തീവ്രവാദികളുടെ ഓഫീസ് വീണ്ടും ആലയമാക്കി

**മൊസൂൾ:** ഇസ്ലാമിക തീവ്രവാദി കൾ തങ്ങളുടെ മതപരമായ ഓഫീസാ ക്കി മാറ്റിയ ഇറാഖിലെ ക്രൈസ്തവ ദേവാലയത്തിൽ പുനരുദ്ധാരണത്തിന് ശേഷം വീണ്ടും തുറന്നു. നിരവധി വിശ്വാസികളുടെയും പ്രാദേശിക നേ താക്കളുടെയും സാന്നിധ്യത്തിൽ മൊ സൂളിൽ പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തിയാക്കിയ കത്തോലിക്ക ദേവാ ലയം തുറന്നുക്കൊടുത്തത്. ഇസ്ലാമിക തീവ്രവാദികളുടെ അധിനിവേശത്തി ന് ശേഷം ദേവാലയം പൂർണ്ണമായും അശുദ്ധമാക്കപ്പെട്ടിരിന്നു. നീണ്ട നവീ കരണ പ്രവർത്തനങ്ങൾക്കു ശേഷമാ ണ് ദേവാലയം തുറന്നു നൽകിയത്. പുനരുദ്ധാരണത്തിന് ശേഷം നടന്ന ആദ്യ കുർബാനയിൽ മുന്നൂറിലധികം വിശ്വാസികൾ പങ്കെടുത്തു. കൽദായ കത്തോലിക്കാ സഭാതലവനായ കർദി നാൾ ലൂയീസ് റാഫേൽ സാകോ മുഖ്യ കാർമ്മികത്വം വഹിച്ചു.

ഇറാഖിലെ രണ്ടാമത്തെ നഗരമായ മൊസൂൾ ചരിത്രപരമായി അറബ് ലോ കത്തെ ഏറ്റവും സാംസ്കാരിക വൈവി ധ്യമുള്ള നഗരങ്ങളിലൊന്നായിരിന്നു.എ ന്നാൽ 2014-ൽ ഇസ്ലാമിക് സ്റ്റേറ്റ് ഗ്രൂപ്പ് (ഐഎസ്) ഇറാഖിലേക്ക് കടന്നപ്പോൾ, അവർ മൊസൂളിൽ നിന്ന് തങ്ങളുടെ 'ഖി ലാഫത്ത്' പ്രഖ്യാപിച്ചു. അവരുടെ ആക്ര മണം നിനവേ പ്രവിശ്യയിലെ ലക്ഷക്ക ണക്കിന് ക്രിസ്ത്യാനികളെ പലായനം ചെയ്യാൻ നിർബന്ധിതരാക്കി. നിലവിൽ പുനരുദ്ധരിച്ച ദേവാലയത്തിന്റെ പുറം ഭിത്തിയിൽ ഇസ്ലാമിക തീവ്രവാദികൾ 'ഇസ്ലാമിക് സ്റ്റേറ്റ് ഹെസ്ബ ഡിവിഷൻ (മതപോലീസ്)' എന്ന് എഴുതിയിരിന്നു.

# മിഷൻ ക്രൈ മിഷൻ


പാക്കിസ്ഥാൻ ലോകത്തെ വിറപ്പി ച്ചിരുന്ന തീവ്രവാദി നേതാവ് ഒസാമ ബിൻലാദൻ പാകിസ്ഥാനിൽ ഒളിവിൽ താമസിച്ചിരുന്ന അപ്പാബാദിലെ ഭവന ങ്ങളിൽ ഫോട്ടോ ബൈബിളുകൾ എത്തിക്കുന്നതിനുള്ള പദ്ധതിയുമായി ക്രിസ്ത്യൻ സംഘടനയായ മിഷൻ ക്രൈ. ഈ പ്രദേശത്തുള്ള വീടുക ളിലേക്ക് ബൈബിളുകൾ എത്തിക്കാ നുള്ള ബൃഹത് പദ്ധതി പ്ലാൻ ചെയ്ത ത് മിഷൻ ക്രൈയുടെ അധ്യക്ഷനായ മുസ്സൺ വുൾഫോർഡ് ആണ്. ഇതി നായി 11000 പേർക്ക് സഹായം അഭ്യർ ത്ഥിച്ചു. എന്നെന്നേക്കും ഒരു കരിനിഴ ലായി കഴിഞ്ഞിരുന്ന അബോട്ടാബാദിലെ ജനങ്ങൾ ജീവവെളിച്ചം ദൈവവചനത്തി ലൂടെ കാണട്ടെയെന്ന് പ്രത്യാശിക്കാം. പാക്കിസ്ഥാനിലെ അബോട്ടാബാദിലെ കുറ്റൻ ബംഗ്ളാവിലാണ് പത്തു വർഷം മുമ്പ് അമേരിക്കൻ സൈന്യം കൊലപ്പെ ടുത്തിയ നാളുകളിൽ ലാദൻ താമസിച്ചി രുന്നത്. ഇതിനെ തുടർന്ന് ഈ വീടും പ്രദേശവും ലോകശ്രദ്ധ നേടിയിരുന്നു. തുടർന്ന് ഈ വീട് അധികാരികൾ ഇടി ച്ചു നിരത്തിയതിനെ തുടർന്ന് ഇവിടം കുട്ടികൾക്കുള്ള കളിസ്ഥലമാക്കി മാറ്റി യിരുന്നു. എങ്കിലും ഇവിടത്തുകാർക്ക് ഇപ്പോഴും ഞെട്ടൽ മാറിയിട്ടില്ല.

THE SOUL WINNER
APR 2024 • VOLUME 12 • ISSUE 8

The Soul Winner
P. O. Box - 597232, Chicago IL, 6w659, USA
Email: editor.swi@gmail.com
Phone: -91 479 23567w6, +91 9981571723

For private circulation only

## ക്രിസ്ത്യൻ പ്രൊഫസറെ പുറത്താക്കി



**യുകെ:** ഇംഗ്ലണ്ടിലെ ഡെർബിഷെയറിലെ ഒരു ദൈവശാസ്ത്ര പ്രൊഫസറെ തന്റെ മതവിശ്വാസം സോഷ്യൽ മീഡിയയിൽ പങ്കുവെച്ചതിന് മെത്തഡിസ്റ്റ് ബൈബിൾ സർവകലാശാലയിൽ നിന്ന് പുറത്താക്കി. ഏഴ് വർഷമായി ക്ലിഫ് കോളേജിലെ ജീവനക്കാരനായിരുന്ന ഡോ. ആരോൺ എഡ്വേർഡ്സ്, മെത്തഡിസ്റ്റ് സഭയെയും ബൈബിൾ വിവാഹത്തെക്കുറിച്ചുള്ള അതിന്റെ അലംഭാവ വീക്ഷണങ്ങളെയും പരസ്യമായി വിമർശിച്ചതിന് പിരിച്ചുവിടപ്പെട്ടു. 'കോളേജിനെ അപകീർത്തിപ്പെടുത്താൻ' എഡ്വേർഡ് ശ്രമിച്ചതായി തൊഴിലുടമ കുറ്റപ്പെടുത്തി. ഈ വർഷമാദ്യം, എഡ്വേർഡ്സ് X-ൽ (മുമ്പ് ട്വിറ്റർ) പങ്കിട്ടത്, സ്വവർഗരതി സഭയെ ആക്രമിക്കുകയാണ്. സുവിശേഷകർ ഇതിന്റെ തീവ്രത കാണുന്നില്ല, കാരണം അത് ശരിയാണെങ്കിലും അല്ലെങ്കിലും, പ്രത്യക്ഷത്തിൽ പ്രാകൃതമായ സ്വവർഗഭോഗത്തിന് ക്ഷമ ചോദിക്കുന്ന തിരക്കിലാണ്. ഇത് ഒരു 'സുവിശേഷപ്രശ്നമാണ്.' പാപം മേലാൽ പാപമല്ലെങ്കിൽ, നമുക്ക് ഇനി ഒരു രക്ഷകനെ ആവശ്യമില്ല.

## മുന്നറിയിപ്പുമായി ലോകാരോഗ്യ സംഘടന

**ന്യൂഡൽഹി:** കൊവിഡിനേക്കാൾ ഭീകരമായ പക്ഷിപ്പനി ലോകത്ത് പടർന്നു പിടിച്ചേക്കാമെന്ന മുന്നറിയിപ്പുമായി വിദഗ്ധർ. പുതുതായി അമേരിക്കയിൽ കണ്ടെത്തിയ എച്ച്5എൻ1 വകഭേദം കൊവിഡിനേക്കാൾ പതിന്മടങ്ങ് ശക്തിയുണ്ടെന്നാണ് വിദഗ്ധരുടെ നിരീക്ഷണം. രോഗം ഒരു ആഗോളവ്യാധിയായി മാറാൻ അധികം സമയമില്ലെന്നും വിദഗ്ദർ ആശങ്ക രേഖപ്പെടുത്തി.

രോഗഭീഷണിയെ ഗൗരവമായി കാണുന്നുവെന്നും നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്ന് വൈറ്റ് ഹൗസും പ്രഖ്യാപിച്ചിട്ടുണ്ട്. പശുക്കളിലും പൂച്ചകളിലും കണ്ടെത്തിയ വൈറസിന്റെ വകഭേദം വളരെ പെട്ടന്ന് മനുഷ്യനിലേക്ക് വ്യാപിക്കുന്നതായി കണ്ടെത്തിയതാണ് രോഗത്തിന്റെ തീവ്രതയെക്കുറിച്ച് ആശങ്കയുണ്ടാക്കുന്നത്. മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് വ്യാപിക്കുന്നതിനായി വൈറസ് അതിവേഗത്തിൽ പരിണമിക്കുകയാണെന്ന ആശങ്കയുമുണ്ട്.

അമേരിക്കയിലെ ടെക്സാസിലെ പാൽ ഉത്പാദന കേന്ദ്രത്തിലെ ജോലിക്കാരന് രോഗം ബാധിച്ചതോടെയാണ് അതിവേഗം പരിണമിക്കുന്ന വൈറസിനെക്കുറിച്ച് വിദഗ്ദർ അറിയുന്നത്. അമേരിക്കയിൽ ആറ് സ്റ്റേറ്റുകളിലായി 12 കന്നുകാലിക്കൂട്ടങ്ങളും ടെക്സാസിലെ ഒരു പൂച്ചയും ഇതുവരെ വൈറസ് ബാധിച്ച് ചത്തതായി കണ്ടെത്തിയിട്ടുണ്ട്. പക്ഷെ വൈറസിനെ മനുഷ്യനിൽ കണ്ടെത്തുന്നത് ഇതാദ്യമായാണ്.

## ഏറ്റവും പഴക്കമുള്ള ഗ്രന്ഥം ലേലത്തിന്



**ലണ്ടൻ:** മൂന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ക്രൈസ്തവ ചരിത്രത്തിലെ ഏറ്റവും പഴക്കമുള്ള ഒരു ക്രിസ്തീയ ഗ്രന്ഥം ജൂണിൽ ലേലത്തിനുവെക്കും. പ്രാചീന കാലത്ത് എഴുതാനായി ഉപയോഗിച്ചിരുന്ന പാപ്പിറസിൽ കോപ്റ്റിക് ലിപിയിൽ എഴുതപ്പെട്ട ഗ്രന്ഥമായ ക്രോസ്ബി ഷോയേൻ കൊഡെക്സ് ആണ് ലേലത്തിനുവെക്കാൻ പ്രമുഖ ലേല സ്ഥാപനമായ ക്രിസ്റ്റീസ് ഒരുങ്ങുന്നത്. എഡി 250–350 കാലയളവിലാണ് ഇത് എഴുതപ്പെട്ടത്. നിലവിലുള്ള ഏറ്റവും പഴക്കംചെന്ന വിശ്വാസപരമായ പുസ്തകങ്ങളിൽ ഒന്നായ ഇത്, നാലു മില്യൺ ഡോളറിനടുത്ത തുകയ്ക്കു വ്യക്തികളോ സ്ഥാപനങ്ങളോ സ്വന്തമാക്കുമെന്നാണ് അധികൃതർ പ്രതീക്ഷിക്കുന്നത്. മൂന്നാം നൂറ്റാണ്ടിലെ ആദ്യത്തെ ക്രിസ്ത്യൻ ആശ്രമങ്ങളിലൊന്നിൽ എഴുതപ്പെട്ട ഗ്രന്ഥമായാണ് ഇതിനെ കണക്കാക്കുന്നത്. 1950–കളിൽ കണ്ടെത്തിയ നിരവധി ഗ്രന്ഥങ്ങളുടെ ശേഖരമായ ബോഡ്മർ പാപ്പിരിയുടെ ഭാഗമാണ് ഈ പുസ്തകവും. അന്ന് കണ്ടെത്തിയവയിൽ ക്രിസ്ത്യൻ രചനകൾ, ബൈബിൾ ശകലങ്ങൾ, സാഹിത്യ രചനകൾ എന്നിവ ഉൾപ്പെട്ടിരിന്നു. മെഡിറ്ററേനിയൻ കടലിനു ചുറ്റുമുള്ള ക്രിസ്തീയ വിശ്വാസത്തിന്റെ ആദ്യകാല വ്യാപനത്തിന് സാക്ഷിയെന്ന നിലയിൽ ഈ ഗ്രന്ഥത്തിന് ഏറെ പ്രാധാന്യമുണ്ടെന്ന് ലേല സ്ഥാപനത്തിലെ പുസ്തകങ്ങളുടെയും കൈയെഴുത്തുപ്രതികളുടെയും സീനിയർ സ്പെഷ്യലിസ്റ്റ് യുജെനിയോ ഡൊണാഡോണി പറഞ്ഞു.

## ക്രിസ്ത്യാനിത്വത്തിന്റെ തകർച്ച ആശങ്കപ്പെടുത്തുന്നു: റിച്ചാർഡ്



**വിദേശം:** പാശ്ചാത്യ ലോകത്തെ ക്രൈസ്തവ സംസ്കാരം തകരുന്നതിൽ ആശങ്ക രേഖപ്പെടുത്തി പ്രമുഖ നിരീശ്വരവാദിയും, ബ്രിട്ടീഷ് പരിണാമ ശാസ്ത്രജ്ഞനുമായ റിച്ചാർഡ് ഡോക്കിൻസ്. 'എൽബിസി' എന്ന മാധ്യമത്തിന് മാർച്ച് 31ന് നൽകിയ അഭിമുഖത്തിൽ താൻ സാംസ്കാരികപരമായി ഒരു ക്രൈസ്തവനാണെന്ന് തന്നെ കരുതുന്നതായി ഡോക്കിൻസ് പറഞ്ഞു. ക്രൈസ്തവ പ്രബോധനങ്ങളിൽ താൻ വിശ്വസിക്കുന്നില്ലെങ്കിലും ഇസ്ലാമും, ക്രിസ്തീയ വിശ്വാസവും തമ്മിലുള്ള ഒരു തെരഞ്ഞെടുപ്പ് നടത്തേണ്ടി വന്നാൽ ക്രിസ്തുവിശ്വാസം ആയിരിക്കും എന്ന് ഗോഡ് ഡെല്യൂഷൻ എന്ന പുസ്തകത്തിൻറെ രചയിതാവ് കൂടിയായ അദ്ദേഹം വ്യക്തമാക്കി.

## AGIFNA കോൺഫറൻസ് ആഗസ്റ്റിൽ





**ന്യൂയോർക്ക്:** ഓഗസ്റ്റ് 1 മുതൽ 4 വരെ ന്യൂയോർക് ഇല്ലെൻവില്ലിലെ ഹോണേഴ്സ് ഹെയ്‌വെൻ റിസോർട്ടിൽ നടക്കുന്ന AGIFNA ഫാമിലി കോൺഫെറൻസിലെ പ്രധാന പ്രസംഗകർ റവ. ഡോ. വിൽഫ്രഡോ ചോക്കോ, റവ. മൈക്ക് സിഗ്നരെല്ലി, റവ. ടി.ജെ. സാമുവേൽ, റവ. രാജേഷ് മാത്യു, റവ. അനിൽ കൊടിത്തോട്ടം, റവ. ഡോ. സാബു വർഗീസ് എന്നിവർ ആയിരിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

2013 ൽ ടൈം മാഗസിൻ ലോകത്തിലെ ഏറ്റവും ജനസ്വാധീനമുള്ള 100 പേരിൽ ഒരാളായി തിരഞ്ഞെടുത്ത റവ. ചോക്കോ, V1 ചർച്ചിന്റെ സ്ഥാപകനും, കം ഔട്ട് ഇൻ ജീസസ് നെയിം, 'ഡോമിനോ റിവൈവൽ' എന്നീ വിശ്വാസാധിഷ്ഠിത സിനിമകളുടെ സഹനിർമ്മാതാവായ പാസ്റ്റർ റവ. മൈക്ക് സിഗ്നരെല്ലി, എജി മലയാളം ഡിസ്ട്രിക്റ്റ് സൂപ്രണ്ട് ആയി സേവനം അനുഷ്ഠിക്കുന്ന റവ. ടി. ജെ. സാമുവേൽ, യുവജനങ്ങൾക്കിടയിലും പ്രൊഫെഷണൽസിനിടയിലും വളരെ സ്വാധീനമുള്ള സുവിശേഷകൻ റവ. രാജേഷ് മാത്യു, അറിവുകൊണ്ടും ധീരമായ നിലപാടുകൾ കൊണ്ടും ക്രൈസ്തവ വിശ്വാസത്തിന്റെ മുന്നണിപ്പോരാളിയായി കേരളത്തിൽ അറിയപ്പെടുന്ന റവ. അനിൽ കൊടിത്തോട്ടം, ന്യൂയോർക്കിലെ ഇന്ത്യ ക്രിസ്ത്യൻ അസംബ്ലി സീനിയർ റവ. സാബു വർഗീസ് എന്നിവരാണ് പ്രധാന പ്രസംഗകർ.

## ക്രൈസ്തവരെ വീടുകളിൽ നിന്ന് ഒഴിപ്പിക്കാൻ ശ്രമം

**ഫൈസലബാദ്:** പാക്കിസ്ഥാനിലെ ഫൈസലബാദ് ജില്ലയിലെ അക്ബരാബാദിലുള്ള ഭവനങ്ങളിൽ നിന്ന് ക്രൈസ്തവരെ ഒഴിപ്പിക്കാൻ നടക്കുന്ന ശ്രമത്തിനെതിരെ വിശ്വാസികൾ പ്രതിഷേധ പരിപാടി ആരംഭിച്ചു. മുൻ പ്രതിപക്ഷ നേതാവും, രാഷ്ട്രീയ സ്വാധീവുമുള്ള രാജാ റിയാസ് ആണ് ക്രൈസ്തവരെ ഒഴിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. 1960 മുതൽ ക്രൈസ്തവർ ജീവിച്ചിരുന്ന സ്ഥലമാണ് പ്രശ്നത്തിന് ആധാരം. ക്രൈസ്തവർ ജീവിക്കുന്ന സ്ഥലം തന്റെ കുടുംബ സ്വത്താണെന്ന് അവകാശപ്പെട്ട് രാജാ റിയാസ് അതിൻറെ അവകാശം കൈവശപ്പെടുത്തുകയായിരിന്നു. ഇതേ തുടർന്ന് നിസ്സഹായരായ ക്രൈസ്തവർ തങ്ങളുടെ വീടുകൾ നഷ്ടപ്പെട്ടു പോകാതിരിക്കാൻ അയാൾക്ക് വാടകയായി ഒരു നിശ്ചിത തുക നൽകാമെന്ന് ഏറ്റു.

## രക്ന കുഴിയിലെ പള്ളി



കൂബർ പെഡി/ഓസ്ട്രേലിയ സൗത്ത് ഓസ്ട്രേയയിലെ പട്ടണമായ കൂബർ പെഡി. പട്ടണത്തിന്റെ പ്രാന്ത പ്രദേശത്ത് ധാരാളം രക്ന ഖനികൾ ഉണ്ട്. ആയിരക്കണക്കിനാളുകളാണ് ഈ മേഖലയിൽ പണി എടുക്കുന്നത്. സൗഖ്യാർത്ഥം ആളുകൾ കുഴികളിൽ തന്നെ വീട് വച്ച് താമസിക്കുകയാണ്. പുറത്ത് ഉള്ളതിനേക്കാൾ പത്ത് ഡിഗ്രി വരെ ചൂട് കൂടുതലാണ്. ഖനിയിൽ ബഷ് ചർച്ച് എയ്ഡ് സൊസൈറ്റി 1946 മുതൽ പ്രവർത്തിച്ച് വരുന്നു. ആദ്യം ഫൈയിംഗ് മെഡിക്കൽ സർവ്വീസും, സ്കൂളും, പിന്നീട് ഹോസ്പ്പിറ്റലും തുടങ്ങി. 1970 മുതൽ പുരോഹിതന്മാരെയും അയച്ചു. ഇപ്പോൾ ധാരാളം ആളുകൾ കൂടുന്ന സഭ മൈനിൽ ഉണ്ട്.

## കുടിവെള്ളവുമായി ജിസസ് വെൽ പദ്ധതി

**ടെക്സ്സാസ്:** ഇനി ഒരു ലോകമഹായുദ്ധം ഉണ്ടായാൽ അത് കുടിവെള്ളത്തിന്റെയും ഇന്ധനത്തിന്റെയും പേരിലായിരിക്കും എന്ന സംസാരത്തിന് പതിറ്റാണ്ടുകളുടെ പഴക്കം ഉണ്ട്. 2.2 ബില്യൺ ആളുകൾ മലിനജലം കുടിക്കുന്നവരാണെണാണ് ഈ വർഷത്തെ ലോക ജല ദിനത്തിൽ പുറത്ത് വന്ന പഠന റിപ്പോർട്ടുകൾ പറയുന്നത്. ഈ പശ്ചാത്തലത്തിലാണ് ജീസസ് വെൽ പദ്ധതിയുടെ പ്രസക്തി. അമേരിക്കയിലെ ടെക്സ്സാസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മിഷൻ ഏജൻസിയായ ജി എഫ് എ യുടെ ജീസസ് വെൽ എന്ന പേരിൽ നടന്നു വരുന്ന ഒരു സൗജന്യ ശുദ്ധജല കുടിവെള്ള പദ്ധതിയാണ്. 25 വർഷമായി പ്രവർത്തിക്കുന്ന സംഘടന ഈ വർഷം 40 ലക്ഷം ആളുകൾക്കാണ് കുടി വെള്ളം കൊടുക്കാൻ പദ്ധതി ഇട്ടിരിക്കുന്നത്. പുതിയ കിണറുകൾ, ജല പൈപ്പ് ലൈനുകൾ, ഫിൽട്ടറുകൾ എന്നീ സംയോജന പദ്ധതികൾ വഴിയാണ് ലക്ഷ്യത്തിലേക്ക് നീങ്ങുന്നത്. ആഫ്രിക്ക, ഏഷ്യൻ ഭൂഖണ്ഡങ്ങളിലാണ് കൂടുതലായും സംഘടന സേവനം ചെയ്തിരിക്കുന്നത്.

## മുൻ മന്ത്രവാദിനി കൂട്ട സ്നാനം നടത്തി

**ഫ്ലോറിഡ:** മുൻ മന്ത്രവാദിനിയും, റിവൈവലിസ്റ്റും, കോർ ഗ്രൂപ്പ് മെന്റർഷിപ്പ് ഓർഗനൈസേഷൻ മുതിർന്ന നേതാവുമായ ജെന്നി വീവർ 200 പേർക്ക് കൂട്ട സ്നാനം നൽകി. ഈസ്റ്റർ ഞായറാഴ്ച ഫ്ളോറിഡയിലെ ബീച്ചിയിലായിരുന്നു ഉദയ സൂര്യന്റെ തങ്കനിറത്തിൽ ചാലിച്ച സ്നാനം നടന്നത്. ഒരു കാലത്ത് മന്ത്രവാദത്തിനും, മായാജാലത്തിനും ആളെ കൂട്ടിയിരുന്ന അവർ കൂട്ട സ്നാനം നടത്തിയത് സമൂഹത്തിൽ വലിയ ചർച്ചയായി. ഇത് ദൈവത്തിന്റെ ഒരു നീക്കമാണന്ന് അവർ ഫോട്ടോകൾക്കും, വീഡിയോകൾക്കും ഒപ്പം റ്റീറ്റ് ചെയ്തു.